# അനുബന്ധം 4

## ഓഹരി ദല്ലാൾമാരുടേയും സബ് ബ്രോക്കർമാരുടേയും ക്ലയന്റുകളുടേയും അവകാശങ്ങളും ഉത്തരവാദിത്തങ്ങളും

***SEBI-യുടേയും ഓഹരി വിപണികളുടേയും നിർദ്ദേശപ്രകാരം***

1. ഓഹരി വിപണികൾ/ സെക്യൂരിറ്റീസ് ആന്റ് എക്സ് ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (SEBI) കൂടാതെ ഇടയ്ക്കിടെ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ എന്നിവകളുടെ ചട്ടങ്ങൾ, ബൈലോകൾ, നിയന്ത്രണങ്ങൾ എന്നിവ നിർവചിക്കപ്പെട്ട പോലെ ഓഹരി വിപണിയിലെ ഇടപാടുകൾക്ക് അംഗീകരിച്ച സെക്യൂരിറ്റികൾ/ കോൺട്രാക്ടുകൾ/ മറ്റ് ഉപകരണങ്ങൾ എന്നിവകളിൽ ക്ലയന്റിന് നിക്ഷേപിക്കാം/ ട്രേഡ് നടത്താം.

2. ഓഹരി ദല്ലാൾ, സബ്ബ്രോക്കർ, ക്ലയന്റ് എന്നിവർ ഓഹരി വിപണിയുടെ നിയമങ്ങൾ, ബൈലോകൾ, നിയന്ത്രണങ്ങൾ, ഇവയ്ക്കു കീഴിൽ വീതരണം ചെയ്യപ്പെടുന സർക്കുലറുകൾ/നോട്ടീസുകൾ എന്നിവയും SEBI-യുടെ നിയമങ്ങളും നിയന്ത്രണങ്ങളും കാലാകാലങ്ങളിൽ പ്രാബല്യത്തിലാകുന്ന സർക്കാർ അതോറിറ്റികളുടെ ഉചിതമായ വിജ്ഞാപനങ്ങളും പാലിക്കാൻ ബാധ്യസ്ഥരാണ്.

3. സെക്യൂരിറ്റികൾ കൂടാതെ/അല്ലെങ്കിൽ ഡെറിവേറ്റീവ്സ് കോൺട്രാക് ടുകളിൽ ഇടപാടുകൾ നടത്താനുള്ള ഓഹരി ദല്ലാളിന്റെ കഴിവ് ക്ലയന്റിന് സ്വയം ബോധ്യപ്പെട്ടിരിക്കണം. കൂടാതെ, ഓഹരി ദല്ലാളിലൂടെ ഓർഡറുകൾ നടപ്പാക്കുന്നതിനു മുമ്പ് ഓഹരി ദല്ലാളിന് അതിനുള്ള കഴിവ് ക്ലയന്റിന് നേരിട്ടു ബോധ്യപ്പെട്ടിരിക്കണം.

4. നൽകുന്ന സേവനവുമായി ബന്ധപ്പെട്ട്, ക്ലയന്റിന്റെ സാമ്പത്തിക ഭദ്രത, അതിന്റെ വാസ്തവം, അവരുടെ നിക്ഷേപ ലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ച് ഓഹരി ദല്ലാളിന് സ്വയം ബോധ്യപ്പെട്ടിരിക്കണം.

5. ഓഹരി ദല്ലാൾമാർ തങ്ങൾ പ്രവർത്തിക്കുന്ന തട്ടകത്തിന്റെ പരിമിതികൾ ബാധ്യത, കഴിവ് എന്നിവ അടക്കം ബിസിനസ് നടത്താനുള്ള ഓഹരി ദല്ലാളിന്റെ പരിമിതികളുടെ സ്വഭാവം എന്നിവ ക്ലയന്റിനെ അറിയിക്കാനുള്ള നടപടികൾ ഓഹരി ദല്ലാൾമാർ എടുക്കേണ്ടതാണ്.

6. ക്ലയന്റു(കൾ)മായുള്ള എല്ലാ ഇടപാടുകളിലും സബ് ബ്രോക്കർമാർ, ഓഹരി ദല്ലാൾമാർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യേണ്ടതാണ്.

### ക്ലയന്റ് വിവരം

7. 'അക്കൗണ്ട് ഓപ്പണിംഗ് ഫോം'' ആവശ്യപ്പെടുന്ന മുഴുവൻ വിശദാംശങ്ങളും, ഓഹരി വിപണികൾ/SEBI സമയാസമയങ്ങളിൽ നിർബന്ധമാക്കിയിട്ടുള്ള പിന്തുണ വിവരങ്ങളടക്കം ക്ലയന്റ് സമർപ്പിക്കേണ്ടതാണ്.

8. അക്കൗണ്ട് ഓപ്പണിംഗ് പ്രമാണത്തിലെ നിർബന്ധമായ വ്യവസ്ഥകളെക്കുറിച്ച് ക്ലയന്റ് സ്വയം പരിചിതമാകേണ്ടതാണ്. ഓഹരി ദല്ലാൾ ആവശ്യപ്പെടുന്ന ഏതു അധിക ക്ലോസുകളും പ്രമാണങ്ങളും, ക്ലയന്റ് അംഗീകരിച്ച ചട്ടങ്ങളും നിബന്ധനകളും അനുസരിച്ച്, നിർബന്ധമല്ല.

9. അക്കൗണ്ട് തുറക്കുന്ന സമയത്ത് അക്കൗണ്ട് ഓപ്പണിംഗ് ഫോമിൽ നിങ്ങൾ നൽകിയ വിവരങ്ങളിൽ അടച്ചുപൂട്ടൽ ഹർജി/പാപ്പരത്ത ഹർജി അല്ലെങ്കിൽ സ്വത്തിൻമേൽ ഏതെങ്കിലും ഭൗതിക ബാധ്യതകൾ അടക്കം എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടെങ്കിൽ ക്ലയന്റ് അതു രേഖാമൂലം ഓഹരി ദല്ലാളിനെ അറിയിക്കേണ്ടതാണ്. ക്ലയന്റ് തന്റെ സാമ്പത്തിക വിവരങ്ങൾ ആനുകാലികമായി ഓഹരി ദല്ലാളിനെ അറിയിച്ചിരിക്കേണ്ടതാണ്.

10. അക്കൗണ്ട് ഓപ്പണിംഗ് ഫോമിൽ നൽകിയിട്ടുള്ള അല്ലെങ്കിൽ ക്ലയന്റിനെ സംബന്ധിക്കുന്ന മറ്റേതെങ്കിലും വിവരങ്ങൾ ഓഹരി ദല്ലാളും സബ് ബ്രോക്കറും സ്വകാര്യമായി സൂക്ഷിക്കേണ്ടതാണ്. നിയമ/നിയന്ത്രണ ആവശ്യങ്ങൾക്കു വേണ്ടിയല്ലാതെ മറ്റു വ്യക്തികൾക്ക് /അധികൃതർക്ക് അത് വെളിപ്പെടുത്തുവാൻ പാടുള്ളതല്ല. എന്നിരുന്നാലും, തന്റെ ക്ലയന്റിന്റെ സമ്മതത്തോടുകൂടി ഓഹരി ദല്ലാൾക്ക് അവരുടെ വിവരങ്ങൾ മറ്റു വ്യക്തികൾക്ക് അല്ലെങ്കിൽ അധികാരികൾക്ക് വെളിപ്പെടുത്താവുന്നതാണ്.

**മാർജിനുകൾ**

11. ക്ലയന്റ് ട്രേഡിംഗ് നടത്തുന്ന വിഭാഗ(ങ്ങൾ)ത്തിനു ബാധകമായി, ഓഹരി ദല്ലാൾ, ഓഹരി വിപണി അവശ്യമെന്നു കരുതുന്ന അല്ലെങ്കിൽ SEBI-യുടെ സമയാസമയങ്ങളിലുള്ള നിർദ്ദേശങ്ങളനുസരിച്ച് ക്ലയന്റ്, ഇനിഷ്യൽ മാർജിൻ, വിത് ഹോൾഡിംഗ് മാർജിൻ, സ്പെഷ്യൽ മാർജിൻ അല്ലെങ്കിൽ അതുപോലെയുള്ള മറ്റു മാർജിനുകൾ നൽകേണ്ടതാണ്. അധിക മാർജിനുകൾ ശേഖരിക്കുന്നതിനുള്ള അധികാരം ഓഹരി ദല്ലാളിനു നൽകിയിട്ടുണ്ട് (ഓഹരി വിപണി, ക്ലിയറിംഗ് ഹൗസ്/ക്ലിയറിംഗ് കോർപ്പറേഷൻ അല്ലെങ്കിൽ SEBI എന്നിവർ ആവശ്യപ്പെടുന്നില്ലെങ്കിൽ പോലും), കൂടാതെ, അത്തരം മാർജിനുകൾ കൃത്യമായ സമയത്തു തന്നെ നൽകേണ്ടത് ക്ലയന്റിന്റെ ഉത്തരവാദിത്തമാണ്.

12. ക്ലയന്റ് നൽകുന്ന മാർജിൻ, അവശ്യമായ എല്ലാ കുടിശ്ശികകളുടേയും ഋണമോചനമാകുന്നില്ല എന്ന് എല്ലാ ക്ലയന്റുകളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. സ്ഥിരമായി മാർജിൻ നൽകിക്കൊണ്ടിരിക്കുകയാണെങ്കിൽക്കൂടി, അതിന്റെ ട്രേഡ് ഒത്തുതീർപ്പാക്കുന്നതിനു വേണ്ടി ക്ലയന്റ് ചിലപ്പോൾ, കോൺട്രാക്ട് അനുശാസിക്കുന്നത് / ആവശ്യപ്പെടുന്നത് അനുസരിച്ച് കൂടുതൽ തുകകൾ നൽകേണ്ടതായി വരും (അല്ലെങ്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും).

ഇടപാടുകളും തീർപ്പാക്കലുകളും

13. ക്ലയന്റും ഓഹരി ദല്ലാളും പരസ്പരം സമ്മതിച്ചതു പോലെ, ക്ലയന്റിന് ഒരു സെക്യൂരിറ്റി/ഡെറിവേറ്റീവ്സ് കോൺട്രാക്ട് വാങ്ങുന്നതിനോ വിൽക്കുന്നതിനോ രേഖാമൂലമോ അല്ലെങ്കിൽ ഫോം വഴിയോ ഓർഡർ നൽകാവുന്നതാണ്. അത് ഓഹരി ദല്ലാൾ, ആ ക്ലയന്റിനു നൽകിയിരിക്കുന്ന യുണീക് ക്ലയന്റ് കോഡിൽക്കൂടി മാത്രമായിരിക്കണം ഓർഡർ പ്ലേസ് ചെയ്യുകയും ട്രേഡ് നടപ്പിലാക്കുകയും ചെയ്യുന്നത് എന്ന് ഉറപ്പാക്കണം.

14. ട്രേഡിംഗ്/സെറ്റിൽമെന്റ് ചക്രങ്ങൾ, ഡെലിവറി/പേമെന്റ് സമയക്രമങ്ങൾ, സമയാസമയങ്ങളിലെ മാറ്റങ്ങൾ എന്നിവയെക്കുറിച്ച് ഓഹരി ദല്ലാൾ, ക്ലയന്റിനെ അറിയിക്കേണ്ടതും ഓർമ്മപ്പെടുത്തേണ്ടതുമാണ്. തിരിച്ച്, ക്ലയന്റ്, ട്രേഡിംഗ് നടത്തപ്പെടുന്ന ബന്ധപ്പെട്ട ഓഹരി വിപണിയിലെ അത്തരം സമയക്രമങ്ങൾ/നടപടിക്രമങ്ങൾ പാലിക്കുകയും ചെയ്യേണ്ടതാണ്.

15. ക്ലയന്റ് നിക്ഷേപിച്ച പണം/സെക്യൂരിറ്റികൾ, ഓഹരി ദല്ലാൾ അവരുടെ/അയാളുടേയും മറ്റുള്ളവരുടേയും അക്കൗണ്ടിൽ നിന്നും വ്യത്യസ്തമായി ഒരു പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും ഓഹരി ദല്ലാൾ തനിക്കു വേണ്ടിയോ മറ്റുള്ളവർക്കു വേണ്ടിയോ അല്ലെങ്കിൽ, SEBI കൂടാതെ/ അല്ലെങ്കിൽ ഓഹരി വിപണിയിലെ ചട്ടങ്ങൾ, ബൈലോകൾ, നിയന്ത്രണങ്ങൾ, സർക്കുലറുകൾ, നോട്ടിസുകൾ എന്നിവയിൽ നിർവചിക്കപ്പെട്ട ഉദ്ദേശ്യങ്ങൾക്കു വേണ്ടിയല്ലാത്ത മറ്റൊരു ഉദ്ദേശ്യത്തിനും വേണ്ടിയോ ഉപയോഗിക്കില്ലാ എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

16. ഓഹരി വിപണി (കൾ), ട്രേഡ് (കൾ) സ്വമേധയാ റദ്ദാക്കുകയാണെങ്കിൽ, അത്തരത്തിലുള്ള എല്ലാ ട്രേഡുകളും, ക്ലയന്റിനു വേണ്ടി നടത്തിയിട്ടുള്ള ട്രേഡ് (കൾ)-ഉം അടക്കം, അക്കാരണം കൊണ്ടുതന്നെ റദ്ദായിപ്പോകുന്നതായിരിക്കും. ക്ലയന്റു (കൾ)മായുള്ള അതാതു കോൺട്രാക്ട് റദ്ദാക്കാനുള്ള അധികാരം ഓഹരി ദല്ലാളിനുണ്ട്.

17. ഓഹരി വിപണികളിൽ നടപ്പാക്കപ്പെടുന്ന ഇടപാടുകൾ, അത് നടപ്പിലാക്കുന്ന ഓഹരി വിപണിയുടെ ചട്ടങ്ങൾ, ബൈലോകൾ, നിയന്ത്രണങ്ങൾ, അതിന്മേൽ പുറപ്പെടുവിക്കുന്ന സർക്കുലറുകൾ/നോട്ടീസുകൾ എന്നിവയ്ക്കു വിധേയവും, എല്ലാ കക്ഷികളും ഈ ഓഹരിവിപണികളുടെ ഈ നിയമങ്ങൾ, ബൈലോകൾ, നിയന്ത്രണങ്ങൾ അതിൻകീഴിൽ വിതരണം ചെയ്യപ്പെടുന്ന സർക്കുലറുകൾ/നോട്ടീസുകൾ എന്നിവയുടെ പ്രൊവിഷനുകൾ പ്രാബല്യത്തിലാക്കുക എന്ന ലക്ഷ്യത്തോടെ ഈ ട്രേഡ് നടപ്പിലാക്കിയ ഓഹരിവിപണികളുടെ ബൈലോകളിലും നിയന്ത്രണങ്ങളിലും പറഞ്ഞിരിക്കുന്ന നിയമാധികാരപരിധിയിലുള്ള കോടതിയിൽ ആ ട്രേഡ് സമർപ്പിക്കേണ്ടതും ആണ്.

**ബ്രോക്കറേജ്**

18. ഓഹരി ദല്ലാൾ ക്ലയന്റിനു നൽകുന്ന സേവനത്തിനും ക്ലയന്റിന്റെ ഇടപാടുകൾക്കും അക്കൗണ്ടിനും, ഇടയ്ക്കിടെ നിലവിലിരിക്കുന്ന നിരക്കുകളും ബ്രോക്കറേജും ക്ലയന്റ് ഓഹരി ദല്ലാളിനു നൽകേണ്ടതാണ്. ബാധകമായ ഓഹരി വിപണികളിലെ ചട്ടവും നിയന്ത്രണ പ്രകാരവും കൂടാതെ/ അല്ലെങ്കിൽ SEBI-യുടെ ചട്ടവും നിയന്ത്രണ പ്രകാരവും അനുവദിച്ചിട്ടുള്ള ബ്രോക്കറേജിൽ കൂടുതൽ നിരക്ക് ഒരു ഓഹരി ദല്ലാളിനും ഈടാക്കാവുന്നതല്ല.

**ലികിിഡേഷനും ക്ലോസ് ഔട്ട് ഓഫ് പൊസിഷനും**

19. ഓഹരി ദല്ലാളിന്റെ മറ്റ് അവകാശങ്ങളെക്കുറിച്ച് (ഒരു വിഷയം ആർബിട്രേഷനു റഫർ ചെയ്യുന്നതടക്കം) ഒരു മുൻവിധിയും കൂടാതെ, മാർജിൻ പേമെന്റ്, മറ്റു തുകകൾ, ഔട്ട് സ്റ്റാൻഡിംഗ് ഡെബ്റ്റുകൾ എന്നിവ നൽകാതിരിക്കുന്നതു കൊണ്ട്, ഒരു ക്ലയന്റിന്റെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ പൊസിഷനുകളും ലികിിഡേറ്റ് /ക്ലോസ് ഔട്ട് ചെയ്യാൻ ഓഹരി ദല്ലാളിന് അധികാരമുണ്ടെന്നു ക്ലയന്റ് മനസ്സിലാക്കിയിരിക്കണം. അത്തരം ലികിിഡേഷനിൽ നിന്നും ലഭിക്കുന്ന തുക ഉപയോഗിച്ച് ക്ലയന്റിന്റെ ബാധ്യതകൾ/ഉത്തരവാദിത്തങ്ങൾ, എന്തെങ്കിലുമുണ്ടെങ്കിൽ, തീർക്കുന്നതായിരിക്കും. ലികിിഡേഷൻ/ക്ലോസ് ഔട്ടിൽ നിന്നും ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടമോ അല്ലെങ്കിൽ സാമ്പത്തിക നിരക്കുകളോ ക്ലയന്റ് വഹിക്കേണ്ടതോ അല്ലെങ്കിൽ അവരിൽ നിന്നും ഈടാക്കുന്നതോ ആയിരിക്കും.

20. ക്ലയന്റ് മരണപ്പെടുകയോ പാപ്പരാകുകയോ അല്ലെങ്കിൽ വാങ്ങുന്നതിനോ വിൽക്കുന്നതിനോ ക്ലയന്റ് ഓർഡർ ചെയ്ത സെക്യൂരിറ്റിയുടെ പേമെന്റ് നടത്തുന്നതിനോ സ്വീകരിക്കുന്നതിനോ,

അല്ലെങ്കിൽ ഡെലിവർ ചെയ്യുന്നതിനോ ട്രാൻസ്ഫർ ചെയ്യുന്നതിനോ അദ്ദേഹത്തിന് /അതിന് കഴിവില്ലാതെയായിത്തീർന്നാൽ, ഓഹരി ദല്ലാളിന് ക്ലയന്റിന്റെ ഇടപാട് ക്ലോസ് ഔട്ട് ചെയ്യാനും ക്ലയന്റിന്റെ വസ്തുവകകൾക്ക്, ഉണ്ടെങ്കിൽ, എതിരെ നഷ്ടങ്ങൾക്ക്, എന്തെങ്കിലും ഉണ്ടെങ്കിൽ, അവകാശം ഉന്നയിക്കാനും കഴിയും. ഇതിന്റെ ഫലമായി വരുന്ന ബാക്കി തുകയ്ക്ക്, ക്ലയന്റ്, അവരുടെ നോമിനി, അനന്തരാവകാശി, പിന്തുടർച്ചക്കാർ, നിയുക്തർ എന്നിവർക്ക് അവകാശമുണ്ടായിരിക്കും. നിയമപരമായ പന്തുടർച്ചക്കാരനെതിരെ, ക്ലയന്റ്, നോമിനിയുടെ പേരിലേയ്ക്ക് ഫണ്ടുകളുടെ/സെക്യൂരിറ്റിയുടെ കൈമാറ്റം നടത്തുന്നത് സാധുവായ ഒരു വിടുതൽ ആയിരിക്കും.

21. ക്ലയന്റിന്റെ ഭാഗത്തു നിന്നുള്ള പേമെന്റ്/ഡെലിവറി വീഴ്ചകളും ബന്ധപ്പെട്ട വശങ്ങളെക്കുറിച്ചുമുള്ള വിവരങ്ങളും ഓഹരി ദല്ലാൾ, പ്രസക്തമായ ഓഹരി വിപണിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. വീഴ്ച വരുത്തിയ ക്ലയന്റ് ഒരു കോർപ്പറേറ്റ് എന്റിറ്റിയോ/ പാർട്ട്ണർഷിപ്പോ/പ്രൊപ്രൈറ്ററി സ്ഥാപനമോ അല്ലെങ്കിൽ മറ്റേതെങ്കിലും അസ്വാഭാവികമായ നിയമ സ്ഥാപനമോ ആണെങ്കിൽ, അതിന്റെ ഡയറക്ടർ(മാർ)/ പ്രൊമോട്ടർ(മാർ)/ പ്രൊപ്രൈറ്റർ എന്നിവരുതെ പേര് (കൾ) യഥാവിധി പ്രസക്തമായ ഓഹരി വിപണിയെ(കളെ) ഓഹരി ദല്ലാൾ അറിയിച്ചിരിക്കേണ്ടതാണ്.

**തർക്കത്തിൽപെട്ട തീരുമാനങ്ങൾ**

22. ബന്ധപ്പെട്ട ഓഹരി വിപണിയേയും SEBI-യേയും ബന്ധപ്പെടുന്നതിനുള്ള പ്രസക്തമായ വിവരങ്ങൾ ഓഹരി ദല്ലാൾ ക്ലയന്റിനു നൽകേണ്ടതാണ്.

23. ഓഹരി ദല്ലാൾ വഴി നടത്തിയ എല്ലാ ഇടപാടുകളും സംബന്ധിച്ച പരാതി പരിഹരിക്കുന്നതിനായും, ഷെയറുകളുടെ മോശപ്പെട്ട ഡെലിവറിയുടെ എതിർപ്പുകൾ നീക്കം ചെയ്യാനും, ഒരു മോശപ്പെട്ട ഡെലിവറിയുടെ തെറ്റുതിരുത്തലിനും ഓഹരി ദല്ലാൾ സഹകരിക്കേണ്ടതാണ്.

24. നിക്ഷേപങ്ങൾ, മാർജിൻ പണം, തുടങ്ങിയവയുമായി ബന്ധപ്പെട്ട് അവകാശവാദങ്ങൾ അല്ലെങ്കിൽ/കൂടാതെ തർക്കങ്ങൾ എന്നിവ ട്രേഡ് നടപ്പാക്കപ്പെടുന്ന ഓഹരി വിപണികളുടെ ചട്ടങ്ങൾ, ബൈലോകൾ, നിയന്ത്രണങ്ങൾ, കാലാകാലങ്ങളിൽ പുറത്തിറക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന സർക്കുലറുകൾ/നോട്ടീസുകൾ എന്നിവ പ്രകാരം ക്ലയന്റിനോ ഓഹരി ദല്ലാളിനോ റെഫർ ചെയ്യാവുന്നതാണ്.

25. ഓഹരി ദല്ലാളും ക്ലയന്റും തമ്മിൽ ഏർപ്പെട്ട ഇടപാടുകളിൽ നിന്നും ഉയർന്നു വരുന്ന ഏതെങ്കിലും ആർബിട്രേഷൻ നടപടികളുടെ പെട്ടെന്നുള്ള തീർപ്പുകൽപ്പിക്കൽ ഓഹരി ദല്ലാൾ ഉറപ്പു വരുത്തണം, കൂടാതെ അത്തരം നടപടിക്രമങ്ങളിൽ ഉണ്ടായിട്ടുള്ള തീർപ്പുകൾ നടപ്പിലാക്കാനുള്ള ബാധ്യതയും അദ്ദേഹത്തിനായിരിക്കും.

26. ഒരു തർക്ക പരിഹാരത്തിനായി ഒരു അംഗീകൃത പ്രതിനിധി പുറപ്പെടുവിച്ച ക്ലയന്റ്/ഓഹരി ദല്ലാൾ നിർദ്ദേശങ്ങൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, അത് ക്ലയന്റ്/ഓഹരി ദല്ലാളുമായി ഇടപാടുകൾ നടത്താൻ ആ പ്രതിനിധിയെ ആംഗീകാരപ്പെടുത്തുന്ന കത്ത് കരാറനുസരിച്ചുള്ളതായിരിക്കണം എന്ന് ക്ലയന്റ് /ഓഹരി ദല്ലാൾ മനസിലാക്കിയിരിക്കണം.

## ബന്ധം അവസാനിപ്പിക്കൽ

27. ഓഹരി ദല്ലാളിന്റെ ഭാഗത്തും നിന്നും സംഭവിക്കുന്ന വീഴ്ച, മരണം, രാജി, പുറത്താക്കൽ, അല്ലെങ്കിൽ ബോർഡ് സർട്ടിഫിക്കറ്റ് റദ്ദാക്കുന്നു തുടങ്ങിയ കാരണങ്ങളാൽ അംഗത്വം അവസാനിക്കുന്നതു കാരണം ഓഹരി വിപണിയിലെ അംഗത്വം നഷ്ടമാകുകയാണെങ്കിൽ ഓഹരി ദല്ലാളും ക്ലയന്റും തമ്മിലുള്ള ബന്ധം അവസാനിപ്പിക്കാൻ കഴിയുന്നതാണ്.

28. മറുകക്ഷിയ്ക്ക് ഒരു മാസത്തിൽ കുറയാത്ത സമയത്തിൽ രേഖാമൂലമുള്ള നോട്ടീസ് നൽകി, കാരണമൊന്നും കാണിക്കാതെ, ഓഹരി ദല്ലാൾ, സബ് ബ്രോക്കർ, ക്ലയന്റ് എന്നിവർക്ക് അവർ തമ്മിലുള്ള ബന്ധം അവസാനിപ്പിക്കാനുള്ള അവകാശമുണ്ട്. ബന്ധം അവസാനിപ്പിച്ചെങ്കിൽത്തന്നെയും, ബന്ധം അവസാനിപ്പിക്കുന്നതിന് മുമ്പ് കക്ഷികൾ ഏർപ്പെട്ടിരുന്ന ഇടപാടുകളിൽ നിന്നും ഉയർന്നു വരുന്ന എല്ലാ അവകാശങ്ങളും, ബാധ്യതകളും ഉത്തരവാദിത്തങ്ങളും അതാത് കക്ഷികളുടെ മേൽ അല്ലെങ്കിൽ അയാളുടെ/അതിന്റെ പിന്തുടർച്ചക്കാർ, നടത്തിപ്പുകാർ, കാര്യനിർവാഹകർ, നിയമപരമായ പ്രതിനിധികൾ, അനന്തരാവകാശി എന്നിവരുടെമേൽ തന്നെ ഉണ്ടായിരിക്കുന്നതായിരിക്കും..

29. സബ് - ബ്രോക്കറുടെ മരണം/ പാപ്പരത്തം അല്ലെങ്കിൽ ഏതെങ്കിലും കാരണത്താൽ അയാളുടെ/ അതിന്റെ ബോർഡിലുള്ള രജിസ്ട്രേഷൻ റദ്ദാക്കിയാൽ അല്ലെങ്കിൽ/ ഓഹരി വിപണി സബ് - ബ്രോക്കർ എന്ന അംഗീകാരം പിൻവലിക്കുന്നുവെങ്കിൽ കൂടാതെ/അല്ലെങ്കിൽ സബ് - ബ്രോക്കറുമായുള്ള കരാർ ഓഹരി ദല്ലാൾ അവസാനിപ്പിക്കുന്നുവെങ്കിൽ, അത്തരം അവസാനിപ്പിക്കലിനെക്കുറിച്ച് ക്ലയന്റിനെ അറിയിക്കുകയും അതിനെത്തുടർന്ന് ക്ലയന്റിനെ ഓഹരി ദല്ലാളുമായുള്ള നേരിട്ടുള്ള ക്ലയന്റ് ആയി കരുതപ്പെടുകയും, ഒരു മാസത്തിൽ കുറയാതെയുള്ള രേഖാമൂലമുള്ള നോട്ടീസ് വഴി അവരുടെ ബന്ധം അവസാനിപ്പിക്കാൻ താൽപര്യപ്പെടുന്നു എന്ന് ക്ലയന്റ് ഓഹരി ദല്ലാളെ അറിയിക്കാത്ത പക്ഷം, സബ് ബ്രോക്കറേയും ഓഹരി ദല്ലാളിനേയും നിയന്ത്രിക്കുന്ന 'അവകാശങ്ങളും ഉത്തരവാദിത്തങ്ങളും' പ്രമാണത്തിലെ(ങ്ങളിലെ) എല്ലാ നിബന്ധനകളും പ്രാബല്യത്തിൽ ആയിരിക്കുകയും ചെയ്യും.

### അധിക അവകാശങ്ങളും ഉത്തരവാദിത്തങ്ങളും

30. ഓഹരി ദല്ലാൾ വഴി ഇടപാടുകൾ നടത്തിയ ഡിവിഡന്റിനും ബോണസ് ഷെയറിനും മറ്റുമുള്ള ക്ലയന്റിന്റെ അവകാശം സംരക്ഷിക്കുമെന്നും, ആരുമായാണോ, ആർക്കുവേണ്ടിയാണോ സെക്യൂരുറ്റികളിൽ ഇടപാടുകൾ നടത്തിയത് ആ ക്ലയന്റിന് ഉപദ്രവമുണ്ടാക്കുന്നതൊന്നും ചെയ്യില്ലെന്നും ഓഹരി ദല്ലാൾ ഉറപ്പു നൽകണം.

31. ട്രേഡ് നടപ്പാക്കപ്പെടുന്ന പ്രസക്തമായ ഓഹരി വിപണികളുടെയും SEBI-യുടേയും ചട്ടങ്ങൾ, ബൈലോകൾ, നിയന്ത്രണങ്ങൾ, സർക്കുലറുകൾ, നോട്ടീസുകൾ എന്നിവ പ്രകാരം ക്ലയന്റും ഓഹരി ദല്ലാളും അവരുടെ അക്കൗണ്ടുകൾ സമയാസമയങ്ങളിൽ പൊരുത്തപ്പെടുത്തുകയും തീർപ്പാക്കുകയും ചെയ്യുക.

32. ഓഹരി വിപണികൾ സമയാസമയങ്ങളിൽ നിർദ്ദേശിച്ചതു പ്രകാരം, ഓർഡർ നമ്പരുകളുടെ വിശദാംശങ്ങൾ, ട്രേഡ് നമ്പർ, ട്രേഡ് ചെയ്ത സമയം, ട്രേഡ് ചെയ്ത വില, ട്രേഡ് ചെയ്ത അളവ്, റിവേറ്റീവ്സ് കോൺട്രാക്ടുകളുടെ വിശദാംശങ്ങൾ, ക്ലയന്റ് കോഡ്, ബ്രോക്കറേജ്, ഈടാക്കിയ നിരക്കുകൾ തുടങ്ങിയ എല്ലാ ഇടപാടുകളുടേയും രേഖകൾ അടങ്ങിയ ഒരു കോൺട്രാക്ട് നോട്ട് ഓഹരി ദല്ലാൾ ഇഷ്യൂ ചെയ്യേണ്ടതാണ്, കൂടാതെ, അതു സംബന്ധിച്ച

മറ്റെല്ലാ പ്രസക്തമായ വിശദാംശങ്ങളും പൂരിപ്പിച്ച് വിപണി നിർദ്ദേശിക്കുന്ന രീതിയിൽ, നിർദ്ദേശിക്കുന്ന സമയത്ത് സമർപ്പിക്കേണ്ടതാണ്. ട്രേഡ് നടപ്പിലാക്കിയതിന്റെ ഒരു പ്രവൃത്തിദിവസത്തിനുള്ളിൽ, ഹാർഡ് കോപ്പി കൂടാതെ/ അല്ലെങ്കിൽ ഇലക്ട്രോണിക് മാർഗത്തിൽ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ചുകൊണ്ട് ഓഹരി ദല്ലാൾ നിക്ഷേപകർക്ക് കോൺട്രാക്ട് നോട്ടുകൾ അയയ്ക്കേണ്ടതാണ്.

33. ക്ലയന്റ് മറ്റുവിധത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ, ട്രേഡ് ഇടയ്ക്കിടെ നടപ്പാക്കപ്പെടുന്ന പ്രസക്തമായ ഓഹരി വിപണി നിർദ്ദേശിച്ച നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി, ട്രേഡ് നടപ്പാക്കപ്പെടുന്ന പ്രസക്തമായ ഓഹരി വിപണിയിൽ നിന്നുള്ള പേഔട്ട് രസീത് ലഭിച്ച് ഒരു പ്രവൃത്തി ദിവസത്തിനുള്ളിൽത്തന്നെ ഓഹരി ദല്ലാൾ ഫണ്ടുകൾ അല്ലെങ്കിൽ സെക്യൂരിറ്റികളുടെഡെലിവറി, ഏതാണോ പ്രസക്തം അത്, ക്ലയന്റിന് അയച്ചു കൊടുക്കേണ്ടതാണ്.

34. ട്രേഡ് സമയാസമയങ്ങളിൽ നടപ്പാക്കപ്പെടുന്ന പ്രസക്തമായ ഓഹരി വിപണി നിർദ്ദേശിച്ച പ്രകാരമുള്ള കാലാവധിയിലും ഘടനയിലും നിശ്ചിത സമയത്തിനുള്ളിലും, ഫണ്ടുകളുടേയും സെക്യൂരിറ്റികളുടേയും സംപൂർണ്ണ 'സ്റ്റേറ്റ് മെന്റ് ഓഫ് അക്കൗണ്ട്സ്' ഓഹരി ദല്ലാൾ ബന്ധപ്പെട്ട ഓരോ ക്ലയന്റിനും അയച്ചു കൊടുക്കണം. ഓഹരി ദല്ലാളിൽ നിന്നുള്ള സ്റ്റേറ്റ് മെന്റ് ലഭിച്ച ഉടൻ, സ്റ്റേറ്റ്മെന്റിനുള്ളിലെ തെറ്റുകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, ട്രേഡ് ഇടയ്ക്കിടെ നടപ്പാക്കപ്പെടുന്ന പ്രസക്തമായ ഓഹരി വിപണി നിർദ്ദേശിച്ച പ്രകാരമുള്ള നിശ്ചിത സമയത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യണമെന്നും സ്റ്റേറ്റ് മെന്റ് നിഷ് കർഷിച്ചിരിക്കുന്നു.

35. ഓഹരി ദല്ലാൾ, ദിവസേനയുള്ള മാർജിൻ സ്റ്റേറ്റ് മെന്റുകൾ ക്ലയന്റുകൾക്ക് അയച്ചു കൊടുക്കണം. ദിവസേനയുള്ള മാർജിൻ സ്റ്റേറ്റ് മെന്റിൽ, മറ്റു പലതിനോടുമൊപ്പം, പണം, ഫിക്സ്ഡ് ഡിപ്പോസിറ്റ് റെസീപ്റ്റ്സ് (FDRs), ബാങ്ക് ഗ്യാരണ്ടി, സെക്യൂരിറ്റി എന്നിവയുടെ ബ്രേക്ക് -അപ്പിനൊപ്പം, നിക്ഷേപിച്ച കൊളാറ്ററൽ, ഉപയോഗിച്ച കൊളാറ്ററൽ, കൊളാറ്ററലിന്റെ നില (ലഭ്യമായ ബാലൻസ് / ക്ലയന്റിൽ നിന്നുമുള്ള കുടിശ്ശിക) എന്നിവയുടെ വിശദാംശങ്ങളും ഉൾപ്പെടുത്തണം.

36. ഓഹരി ദല്ലാളുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ നിയമ പരമായ ശേഷിയും, ആധികാരികതയും താഴെപ്പറയുന്ന ഉത്തരവാദിത്തങ്ങളും വ്യവഹാരങ്ങളും നിറവേറ്റുവാനുള്ള പ്രാപ്തിയും തനിക്കുണ്ടെന്ന് ക്ലയന്റ് ഉറപ്പുവരുത്തേണ്ടതുണ്ട്. എല്ലാ ഇടപാടുകളുടേയും - ക്ലയന്റ് കടന്നിരിക്കാവുന്നതും ഇത്തരം ഇടപാടുകളിൽ കടക്കുന്നതിനു മുമ്പ് ക്ലയന്റ് പൂർത്തീകരിച്ചതുമായ - അനുവർത്തിത്വം ഉറപ്പു വരുത്തുന്നതിനായി എല്ലാ നടപടികളും എടുക്കണം.

**ഇലക്ട്രോണിക് കോൺട്രാക്ട് നോട്ട്സ് (ECN)**

37. കോൺട്രാക്ട് നോട്ട് ഇലട്രോണിക് മാർഗത്തിൽ ലഭിക്കുവാൻ ക്ലയന്റ് തിരഞ്ഞെടുക്കുന്നെങ്കിൽ, അദ്ദേഹം, ശരിയായ ഒരു ഇ-മെയിൽ ഐഡി ഓഹരി ദല്ലാളിനു നൽകേണ്ടതാണ്. ഇ-മെയിൽ ഐഡിയിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടാകുന്നെങ്കിൽ, ഒരു കത്തു വഴി ക്ലയന്റ്, ഓഹരി ദല്ലാളിനെ അറിയിക്കേണ്ടതാണ്. ക്ലയന്റ് ഇന്റർനെറ്റ് ട്രേഡിംഗിന് തിരഞ്ഞെടുക്കുന്നെങ്കിൽ, ക്ലയന്റ് -നിർദ്ദിഷ്ടമായ യൂസർ ഐഡിയും പാസ് വേർഡും ഉപയോഗിച്ച് പ്രവേശിക്കാവുന്ന മാർഗത്തിലൂടെ ഇ-മെയിൽ ഐഡി മാറ്റത്തിനുള്ള അപേക്ഷ അയയ്ക്കാവുന്നതാണ്.

38. ഇസിഎൻ വഴി അയയ്ക്കുന്ന ഇ-മെയിലുകൾ ഡിജിറ്റലായി ഒപ്പു വച്ച തും എൻക്രിപ് റ്റഡും, കേടുപാടുവരുത്താൻ കഴിയാത്തതും IT ആക്റ്റ്, 2000-ന്റെ വ്യവസ്ഥകൾ പാലിക്കുന്നതുമായിരിക്കും. ECN, ഒരു അറ്റാച്ച് മെന്റായി ഇ-മെയിൽ വഴിയാണ് അയയ്ക്കുന്നതെങ്കിൽ, അറ്റാച്ച്മെന്റ് ഫയൽ ഡിജിറ്റൽ സിഗ്നേച്ചറും, എൻക്രിപ്റ്റഡും കേടുപാടുവരുത്താൻ കഴിയാത്ത രീതിയിലും സുരക്ഷിതമായിരിക്കണം.

39. ഓഹരി ദല്ലാളിന് 'ബൗൺസ്ഡ് മെയിൽ നോട്ടിഫിക്കേഷൻ ലഭിക്കുന്നില്ലെങ്കിൽ, ക്ലയന്റിന്റെ ഇ-മെയിലിലേയ്ക്ക് കോൺട്രാക്ട് നോട്ട് ഡെലിവർ ആയിട്ടുണ്ടെന്ന് പരിഗണിക്കും.

40. IT ആക്റ്റ് 2000-ന്റെ വ്യവസ്ഥകൾ പ്രകാരവും, SEBI/ ഓഹരി വിപണി ഇടയ്ക്കിടെ പുറത്തിറക്കുന്ന നിലവിലിരിക്കുന്ന ചട്ടങ്ങൾ/നിയന്ത്രണങ്ങൾ/ മാർഗനിർദ്ദേശങ്ങൾ എന്നിവയ്ക്കനുസരിച്ചും ഓഹരി വിപണി നിർദ്ദേശിച്ച രീതിയിൽ ഓഹരി ദല്ലാൾ, ഇസിഎൻ-ഉം ഇ-മെയിലിന്റെ അക്നോളജ്മെന്റും ഒരു സോഫ്റ്റ്, കേടുവരുത്താൻ കഴിയാത്ത രൂപത്തിൽ സൂക്ഷിക്കണം. മെയിൽ അയച്ചതിന്റെതെളിവ്, അതായത് കോൺട്രാക്ട് നോസ് അയച്ച സമയത്ത് സിസ്റ്റം സൃഷ്ടിച്ച ലോഗ് റിപ്പോർട്ട്, SEBI-യുടെ/ ഓഹരിവിപണിയുടെ നിലവിലിരിക്കുന്ന നിയന്ത്രണങ്ങൾ നിർദ്ദേശിച്ച പ്രകാരം നിശ്ചിത കാലഘട്ടം ഓഹരി ദല്ലാൾ സൂക്ഷിക്കണം. ക്ലയന്റിനു ഡെലിവറി ചെയ്യപ്പെടാത്ത കോൺട്രാക്ട് നോട്ട്സിന്റേയും/ റിജക്ട് ആയതും ബൗൺസ് ബാക്ക് ആയതുമായ ഇ-മെയിലുകളുടെ വിശദാംശങ്ങൾ ലോഗ് റിപ്പോർട്ടിൽ ഉണ്ടായിരിക്കണം. എല്ലായ് പ്പോഴും സെബിയുടെ/ ഓഹരി വിപണിയുടെ നിലവിലിരിക്കുന്ന നിയന്ത്രണങ്ങൾ നിർദ്ദേശിച്ച പ്രകാരം, ബൗൺസ് ആയ അല്ലെങ്കിൽ റിജക്ട് ആയ മെയിലുകളുടെ നോട്ടിഫിക്കേഷന്റെ കൈപ്പറ്റൽ ഉറപ്പാക്കുവാൻ ഓഹരി ദല്ലാൾ കഴിയുന്ന എല്ലാ നടപടികളും എടുക്കണം.

41. ഇലക്ട്രിക്കൽ രൂപത്തിൽ കോൺട്രാക്ട് നോട്ടുകൾ സ്വീ കരിക്കി ല്ലാ എന്നു തിരഞ്ഞെടുത്ത ക്ലയന്റുകൾക്ക്, ഓഹരി ദല്ലാൾ, ഭൗതിക രീതിയിൽ കോൺട്രാക്ട് നോട്ടുകൾ അയച്ചുകൊണ്ടിരിക്കണം. ക്ലയന്റിന് ഇസിഎൻ അയച്ചു കൊടുത്തിട്ടില്ല എങ്കിലോ അല്ലെങ്കിൽ, ക്ലയന്റിന്റെ ഇ മെയിൽ ഐഡി അതു തിരസ്കരിച്ചെങ്കിലോ (ബൗൺസ് ചെയ്ത് മെയിലുകൾ), SEBI-യുടെ/ ഓഹരി വിപണിയുടെ നിലവിലിരിക്കുന്ന നിയന്ത്രണങ്ങൾ നിർദ്ദേശിച്ച പ്രകാരം ഓഹരി ദല്ലാൾ, നിർദ്ദിഷ്ട സമയത്തിനകം ക്ലയന്റിന് ഭൗതിക കോൺട്രാക്ട് നോട്ട് അയച്ചു കൊടുക്കണം.

42. ECN-കളുടെ ഇമെയിൽ വിനിമയം കൂടാതെ, ECN അദ്ദേഹത്തിന് നിയുക്തമായ വെബ് സൈറ്റിൽ, ഏതെങ്കിലും ഉണ്ടെങ്കിൽ, ഓഹരി ദല്ലാൾ സുരക്ഷിതമായ രീതിയിൽ പ്രസിദ്ധീകരിക്കുകയും ക്ലയന്റിന് പ്രവേശനം സാധ്യമാക്കുകയും, കൂടാതെ ഈ ഉദ്ദേശ്യത്തിനായി, കോൺട്രാക്ട് നോട്ട് ഇലക്ട്രാണിക് ആയി സേവ് ചെയ്യാനും കൂടാതെ/ അല്ലെങ്കിൽ അതിന്റെ പ്രിന്റ് ഔട്ട് എടുക്കാനും ക്ലയന്റിനെ സഹായിക്കുന്ന ഒരു സവിശേഷമായ യൂസർനെയിമും പാസ് വേർഡും നൽകണം.

## നിയമവും അധികാര പരിധിയും

43. ഈ പ്രമാണത്തിൽ പ്രതിപാദിച്ചിരിക്കുന്ന നിർദ്ദിഷ്ട അവകാശങ്ങൾ കൂടാതെ, ക്ലയന്റ് ട്രേഡ് ചെയ്യാൻ തിരഞ്ഞെടുത്ത ഓഹരി വിപണിയുടെ ചട്ടങ്ങളും, ബൈലോകളും, നിയന്ത്രണങ്ങളും കൂടാതെ അതിൻകീഴിൽ പുറപ്പെടുവിച്ച സർക്കുലർ/നോട്ടീസുകൾ അല്ലെങ്കിൽ SEBI-യുടെ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും കീഴിലുള്ള മറ്റ് ഏത്

അവകാശങ്ങളും വിനിയോഗിക്കാൻ ഓഹരി ദല്ലാൾക്കും അല്ലെങ്കിൽ ക്ലയന്റിനും അവകാശമുണ്ടായിരിക്കും.

44. സർക്കാർ വിജ്ഞാപനങ്ങൾ, ഏതെങ്കിലും ചട്ടങ്ങൾ, നിയന്ത്രണങ്ങൾ, മാർഗനിർദ്ദേശങ്ങൾ കൂടാതെ, SEBI പുറത്തിറക്കുന്ന സർക്കുലറുകൾ/ നോട്ടീസുകൾ, ട്രേഡ് നടപ്പിലാക്കുന്ന പ്രസക്തമായ ഓഹരി വിപണികളുടെ, കാലാകാലങ്ങളിൽ പ്രാബല്യത്തിലാകുന്ന ചട്ടങ്ങൾ, നിയന്ത്രണങ്ങൾ, ബൈലോസ് എന്നിവയ്ക്ക് എല്ലായ്പ്പോഴും വിധേയമായിരിക്കും ഈ ഡോക്യുമെന്റിലെ വ്യവസ്ഥകൾ.

45. ആർബിട്രേഷൻ ആന്റ് കൺസീലിയേഷൻ ആക്ട്, 1996 പ്രകാരം ആർബിട്രേറ്റർ (മാർ)പുറപ്പെടുവിച്ച വിധി ഓഹരി ദല്ലാൾമാരും ക്ലയന്റുകളും പാലിക്കേണ്ടതാണ്. എന്നിരുന്നാലും, ആർബിട്രേഷൻ വിധിയിൽ ഏതെങ്കിലും കക്ഷി അതൃപ്തനാണെങ്കിൽ, ഓഹരി വിപണിക്കുള്ളിൽ അപ്പീൽ നൽകാനുള്ള വ്യവസ്ഥയുമുണ്ട്.

46. ഈ പ്രമാണത്തിൽ സൂചിപ്പിച്ചിരിക്കുന്നതും, എന്നാൽ ഇതിങ്കൽ വ്യാഖ്യാനിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പ്രതീകങ്ങൾക്കും, സാഹചര്യം മറ്റൊരുതരത്തിൽ ആവശ്യപ്പെടുന്നില്ലെങ്കിൽ, ഓഹരി വിപണി/ SEBI-യ്ക്കു കീഴിൽ പുറപ്പെടുവിച്ച ചട്ടങ്ങളും ബൈലോകളും, നിയന്ത്രങ്ങളും നിർണ്ണയിക്കുന്ന അതേ അർത്ഥമായിരിക്കും ഉണ്ടായിരിക്കുക.

47. ഓഹരി ദല്ലാൾ കൂട്ടിച്ചേർക്കുന്ന അധിക സ്വേച്ഛാനുസാരമായ ക്ലോസുകൾ/പ്രമാണങ്ങൾ, ഓഹരി വിപണികളുടെ/ SEBI-യുടെ ചട്ടങ്ങൾ/ നിയന്ത്രണങ്ങൾ/നോട്ടീസുകൾ/ സർക്കുലറുകൾ എന്നിവയ്ക്കു വിരുദ്ധമായിരിക്കും. ക്ലോസുകൾ/പ്രമാണ(ങ്ങൾ)ത്തിലെ മാറ്റങ്ങൾ നടപ്പാക്കുന്നതിനു മുമ്പ് 15 ദിവസത്തെ നോട്ടീസ് നൽകേണ്ടതാണ്. ഓഹരി വിപണികൾ/ SEBI നിർദ്ദേശിച്ചിരിക്കുന്ന അവകാശങ്ങളിലും ഉത്തരവാദിത്തങ്ങളിലും വരുത്തുന്ന ഏതെങ്കിലും മാറ്റങ്ങൾ ക്ലയന്റുകളുടെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്.

48. SEBI-യുടെ ചട്ടങ്ങളിലും നിയന്ത്രണങ്ങളിലും, ട്രേഡ് ചെയ്യാൻ തിരഞ്ഞെടുത്ത പ്രസക്തമായ ഓഹരി വിപണിയുടെ ചട്ടങ്ങളിലും, ബൈലോകളിലും, നിയന്ത്രണങ്ങളിലും സംഭവിക്കുന്ന മാറ്റങ്ങൾ കാരണം കക്ഷികളുടെ അവകാശങ്ങളിലും ഉത്തരവാദിത്തങ്ങളിലും മാറ്റങ്ങൾ ഉണ്ടാകുകയാണെങ്കിൽ, അത്തരം മാറ്റങ്ങൾ, ഈ പ്രമാണത്തിൽ സൂചിപ്പിച്ചിരിക്കുന്ന അവകാശങ്ങളിലും ഉത്തരവാദിത്തങ്ങളിലുമുള്ള ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു എന്നു കരുതപ്പെടേണ്ടതാണ്.

**ഓഹരി ദല്ലാൾമാർ ക്ലയന്റുകൾക്കു നൽകുന്ന ഇന്റർനെറ്റും, വയർലെസ് ടെക് നോളജി അടിസ്ഥാനമാക്കിയ ട്രേഡിംഗ് സൗകര്യങ്ങളും**
**('അവകാശങ്ങളും ഉത്തരവാദിത്തങ്ങളു'ടെയും പ്രമാണത്തിൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകൾ ബാധകം. കൂടാതെ, ഇവിടെ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകളും ബാധകമാണ്.)**

1. ഇന്റർനെറ്റ് പ്രോട്ടോകോൾ (IP) ഉപയോഗിക്കുന്ന മൊബൈൽ ഫോൺ, ഡാറ്റാ കാർഡോടു കൂടിയ ലാപ് ടോപ്പ് തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്ന വയർലെസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇന്റർനെറ്റ് അടിസ്ഥാനമാക്കിയ ട്രേഡിംഗ് (IBT) സൗകര്യങ്ങൾ നൽകുവാൻ ഓഹരി ദല്ലാളിന് അർഹതയുണ്ട്. SEBI അല്ലെങ്കിൽ ഓഹരി വിപണി സമയാസമയങ്ങളിൽ നിർദ്ദേശിക്കുന്ന പോലെ, വയർലെസ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്ന, ഇന്റർനെറ്റ് അടിസ്ഥാനട്രേഡിംഗ് / സെക്യൂരിറ്റി ട്രേഡിംഗിന് ബാധകമായ ആവശ്യകതകൾ ഓഹരി ദല്ലാൾ പാലിക്കേണ്ടതാണ്.

2. ക്ലയന്റിന് സെക്യൂരിറ്റീസിൽ നിക്ഷേപിക്കാൻ/ ട്രേഡിംഗ് നടത്തുവാൻ താൽപര്യപ്പെടുകയും, ഈ ഉദ്ദേശ്യത്തിനായി, ഒന്നുകിൽ ഇന്റർനെറ്റ് അടിസ്ഥാന ട്രേഡിംഗ് സൗകര്യമോ അല്ലെങ്കിൽ വയർലെസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് സെക്യൂരിറ്റീസ് ട്രേഡിംഗ് നടത്തുവാൻ ആഗ്രഹം പ്രകടിപ്പിക്കുകയുമാണെങ്കിൽ, ഓഹരി ദല്ലാൾ, തന്റെ IBT സേവനം ക്ലയന്റിനു നൽകേണ്ടതാണ്, കൂടാതെ ക്ലയന്റ്, ഓഹരി ദല്ലാളിന്റെ ഐബിടി വെബ് സൈറ്റ് നിർദ്ദേശിക്കുന്ന വ്യവസ്ഥകളും ചട്ടങ്ങളും അനുസരിച്ചും SEBI/ ഓഹരി വിപണി എന്നിവയുടെ വ്യവസ്ഥകൾ അനുസരിച്ചും ഓഹരി ദല്ലാളിന്റെ IBT സേവനം ഉപയോഗിക്കേണ്ടതാണ്.

3. വയർലെസ് സാങ്കേതിക വിദ്യ/ ഇന്റർനെറ്റ് / സ്മാർട്ട് ഓർഡർ റൂട്ടിംഗ് അല്ലെങ്കിൽ മറ്റേതെങ്കിലും സാങ്കേതിക വിദ്യയിലൂടെ നടത്തുന്ന സെക്യൂരിറ്റികളുടെ ട്രേഡിംഗുമായി ബന്ധപ്പെട്ട പ്രത്യേകതകളും, നഷ്ടസാധ്യതകളും, ഉത്തരവാദിത്തങ്ങളും, ചുമതലകളും ബാധ്യതകളും ഓഹരി ദല്ലാൾ ക്ലയന്റിന്റെ ശ്രദ്ധയിൽപെടുത്തേണ്ടതാണ്.

4. ഓഹരി ദല്ലാളിന്റെ ഐബിടി സംവിധാനം അതിന്റെ പ്രാഥമിക പാസ്‌വേർഡ് രൂപീകരിക്കുമെന്നും അതിന്റെ പാസ് വേർഡ് നയങ്ങൾ ഓഹരി വിപണി/ സെബി നിഷ്കർഷിച്ച വ്യവസ്ഥകൾക്ക് വിധേയമായിരിക്കുമെന്നും ഓഹരി ദല്ലാൾ ക്ലയന്റിനെ അറിയിക്കേണ്ടതുണ്ട്.

5. യൂസർനെയിമും പാസ് വേർഡും രഹസ്യമായും സുരക്ഷിതമായും സൂക്ഷിക്കേണ്ടത് ക്ലയന്റിന്റെ ഉത്തരവാദിത്തമാണ്. ക്ലയന്റിന്റെ യൂസർനെയിമും പാസ്വേർഡും ഉപയോഗിച്ച് ഓഹരി ദല്ലാളിന്റെ IBT സംവിധാനത്തിലൂടെ ഏതൊരാൾ വഴിയും, അത് അങ്ങനെ ചെയ്യാൻ അംഗീകാരപ്പെടുത്തിയ വ്യക്തി ആയാലും ഇല്ലെ ങ്കിലും, നടത്തുന്ന ഓർഡറുകൾക്കും ഇടപാടുകൾക്കും ക്ലയന്റ് മാത്രമായിരിക്കും ഉത്തരവാദി. വയർലെസ് സാങ്കേതിക വിദ്യയിലൂടെയും ഓർഡർ റൂട്ടഡ് സംവിധാനത്തിലൂടെയും നടത്തുന്ന ഇന്റർനെറ്റ് ട്രേഡിംഗും/ സെക്യൂരിറ്റികളുടെ ട്രേഡിംഗും കർശനമായ സുരക്ഷാ നടപടികളും അധികാരപ്പെടുത്തൽ സാങ്കേതിക വിദ്യകളും ആവശ്യമാണെന്ന് ക്ലയന്റ് ബോധ്യപ്പെട്ടിരിക്കേണ്ടതാണ്, കൂടാതെ, ഓഹരി ദല്ലാളുടെ ജീവനക്കാർ, ഡീലർമാർ തുടങ്ങിയ മൂന്നാം കക്ഷികൾക്ക് ക്ലയന്റിന്റെ/ അദ്ദേഹത്തിന്റെ അധികാരപ്പെടുത്തിയ പ്രതിനിധിയുടെ പാസ്വേർഡ് വെളിപ്പെടുത്താൻ പാടുള്ളതുമല്ല.

6. ക്ലയന്റ് തന്റെ പാസ്വേർഡ് മറന്നു പോകുന്നെങ്കിലോ, ഓഹരി ദല്ലാളിന്റെ ഐബിടി സംവിധാനത്തിൽ സുരക്ഷാ പാളിച്ചകൾ കണ്ടെത്തുന്നെങ്കിലോ, പൊരുത്തക്കേടുകൾ, യൂസർ നെയിം/ പാസ് വേർഡ് / അക്കൗണ്ടിലൂടെ അനധികൃത പ്രവേശനം കണ്ടെത്തുന്നെങ്കിലോ/ സംശയിക്കുന്നെങ്കിലോ, ക്ലയന്റ് ഉടൻ തന്നെ അനധികൃത ഉപയോഗം, അതിന്റെ തീയതി, വിധം, ഈ അനധികൃത ഉപയോഗത്താൽ ബാധിക്കപ്പെട്ട ഇടപാടുകൾ എന്നിവയുടെ പൂർണ്ണമായ വി ശദവിവരങ്ങളോടെ ഉടൻതന്നെ രേഖാമൂലം ഓഹരി ദല്ലാളിനെ അറിയിക്കേണ്ടതാണ്.

7. വയർലെസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇന്റർനെറ്റ് / സെക്യൂരിറ്റികളുടെ ഓർഡർ റൂട്ടിംഗ് ചെയ്യുന്ന സേവനം ഉപയോഗപ്പെടുത്തുമ്പോൾ അതുമായി ബന്ധപ്പെട്ട അപകട സാധ്യതകളെക്കുറിച്ച് ക്ലയന്റ് ബോധവാനായിരിക്കേണ്ടതാണ്. ക്ലയന്റിന്റെ യൂസർ നെയിം/ പാസ് വേർഡ് ഉപയോഗിച്ചു നടത്തുന്ന ഏത് പ്രവൃത്തികൾക്കും, ഏതു രീതിയിലും ക്ലയന്റ് തന്നെയായിരിക്കും ഉത്തരവാദി.

8. ക്ലയന്റിന്റെ അപേക്ഷ അനുസരിച്ച്, ഓർഡർ/ ട്രേഡ് കൺഫർമേഷൻ ഇമെയിൽ വഴി ഓഹരി ദല്ലാൾ, ക്ലയന്റിന് അയച്ചു കൊടുക്കേണ്ടതാണ്. ഓർഡർ/ ട്രേഡ് കൺഫർമേഷൻ വെബ് പോർട്ടലിലും ലഭ്യമാണെന്ന് ക്ലയന്റ് അറിഞ്ഞിരിക്കേണ്ടതാണ്. ക്ലയന്റ് ട്രേഡിംഗ് നടത്താൻ വയർലെസ് സാങ്കേതിക വിദ്യ ആണ് ഉപയോഗിക്കുന്നതെങ്കിൽ, ഓഹരി ദല്ലാൾ, ഓർഡർ/ ട്രേഡ് കൺഫർമേഷൻ ക്ലയന്റിന്റെ ഉപകരണത്തിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

9. ഇന്റർനെറ്റ് വഴി ട്രേഡിംഗ് നടത്തുന്നത്, വളരെയധികം അനിശ്ചിതമായ ഘടകങ്ങൾ, സങ്കീർണ്ണമായ ഹാർഡ് വെയർ, സോഫ്റ്റ് വെയർ, സംവിധാനങ്ങൾ, വാർത്താവിനിമയ ലൈനുകൾ, അനുബന്ധ ഉപകരണങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നതും തടസങ്ങൾക്കും തകരാറുകൾക്കും വിധേയവുമാണ്. ഓഹരി ദല്ലാളിന്റെ ഐബിടി സേവനം എല്ലായ്പ്പോഴും തടസമൊന്നും കൂടാതെ ക്ലയന്റിനു ലഭിക്കുമെന്ന് ഓഹരി ദല്ലാളോ ഓഹരി വിപണിയോ ബോധ്യപ്പെടുത്തുന്നതോ ഉറപ്പു നൽകുന്നതോ ആയിരിക്കില്ല.

10. ഓഹരി വിപണിയുടെ/ ഓഹരി ദല്ലാളിന്റെ നിയന്ത്രണത്തിനു അതീതമായ കാരണങ്ങൾ കൊണ്ട് ഓഹരി ദല്ലാളിന്റെ ഐബിടി സംവിധാനം അല്ലെങ്കിൽ സേവനം, അല്ലെങ്കിൽ ഓഹരി വിപണിയുടെ സേവനം അല്ലെങ്കിൽ സംവിധാനങ്ങൾ എന്നിവയിൽ എന്തെങ്കിലും താമസം, തടസം, അലഭ്യത, തകരാർ സംഭവിച്ചാലോ അല്ലെങ്കിൽ ക്ലയന്റ്/ഓഹരി ദല്ലാൾ/ ഓഹരിവിപണി എന്നിവിടങ്ങളിലെ ലിങ്ക്/സിസ്റ്റം എന്നിവയുടെ തകരാറു മൂലം അദ്ദേഹത്തിന്റെ ഓർഡർ നടപ്പിലാകാതെ വന്നാലോ, ക്ലയന്റിന് അവകാശവാദങ്ങൾ ഒന്നും ഉന്നയിക്കാൻ കഴിയുന്നതല്ല.

## അനുബന്ധം 5

ക്യാപ്പിറ്റൽ മാർക്കറ്റ്, ഡെറിവേറ്റീവ്  ഭാഗത്തിനു വേണ്ടിയുള്ള നഷ്ട സാധ്യതാ വെളിപ്പെടുത്തൽ പ്രമാണം ഓഹരി വിപണികളുടെ വിഭാഗങ്ങളായ ഇക്വിറ്റികൾ/ഡെറിവേറ്റീവുകൾ എന്നിവയിൽ ട്രേഡിംഗ് നടത്തുന്നതിനുള്ള പ്രധാന വിവരങ്ങളാണ് ഈ പ്രമാണത്തിൽ അടങ്ങിയിരിക്കുന്നത്.

ഈ പ്രമാണത്തിലെ വെളിപ്പെടുത്തലുകളുടെ പൂർണ്ണത, അനുയോജ്യത, കൃത്യത എന്നിവയെ സംബന്ധിച്ച് ഓഹരി വിപണികൾ/SEBI ഒറ്റയ്ക്കോ കൂട്ടായോ, പ്രത്യക്ഷമായോ പരോക്ഷമായോ ഉറപ്പു നൽകുകയോ ഏതെങ്കിലും പ്രതിനിധാനം ചെയ്യുകയോ, അല്ലെങ്കിൽ ഓഹരി വിപണികൾ/SEBI, ഈ ട്രേഡിംഗ് വിഭാഗത്തിൽ പങ്കെടുക്കുന്നതിന്റെ യോഗ്യത സാക്ഷ്യപ്പെടുത്തുകയോ അല്ലെങ്കിൽ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ഈ സംക്ഷിപ് ത പ്രസ്താവന, ട്രേഡിംഗിന്റെ എല്ലാ നഷ്ട സാധ്യതകളും മറ്റു സുപ്രധാന വശങ്ങളും വെളിപ്പെടുത്തുന്നില്ല.

നഷ്ട സാധ്യതകൾ ഉൾപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ, നിങ്ങൾ പ്രവേശിക്കാൻ പോകുന്ന റിലേഷൻഷിപ്പിന്റെ സ്വഭാവം മനസിലാക്കിയതിനു ശേഷംമാത്രം നിങ്ങൾ ഇടപാടുകൾ നടത്തുകയും നഷ്ടസാധ്യതയ്ക്ക് വെളിപ്പെടുകയും ചെയ്യുക.

വിവിധ തരങ്ങളിലുള്ള നഷ്ടസാധ്യതാ ഘടകങ്ങൾ ഉള്ള, ഓഹരി വിപണികളിൽ ട്രേഡിംഗ് ചെയ്യപ്പെടുന്ന ഇക്വിറ്റി ഷെയറുകളും ഡെറിവേറ്റീവ് കോൺട്രാക്ടുകളും മറ്റ് ആധാരങ്ങളും, പരിമിതമായ സ്രോതസുകൾ/പരിമിതമായ നിക്ഷേപങ്ങൾ അല്ലെങ്കിൽ/കൂടാതെ പരിമിതമായ വിപണന അനുഭവവും കൂടാതെ കുറഞ്ഞ നഷ്ടസാധ്യതാ സഹിഷ്ണുതയും ഉള്ളവർക്കുള്ള ശരിയായ ഒരു പാത അല്ല എന്നു അറിഞ്ഞിരിക്കുകയും അംഗീകരിക്കുകയും വേണം. ആയതിനാൽ, സാമ്പത്തികസ്ഥിതിയ്ക്കു യോജിച്ചതാണോ ഇത്തരം ട്രേഡിംഗ് എന്നു നിങ്ങൾ ശ്രദ്ധയോടെ പരിഗണിക്കേണ്ടതാണ്. നിങ്ങൾ ഓഹരി വിപണിയിൽ ട്രേഡിംഗ് നടത്തുകയും പ്രതികൂലമായ അനന്തരഫലങ്ങളോ നഷ്ടമോ ഉണ്ടാകുകയുമാണെങ്കിൽ, നിങ്ങൾ മാത്രമായിരിക്കും അതിന്റെ പൂർണ്ണ ഉത്തരവാദി, കൂടാതെ ഓഹരി വിപണികൾ/അതിന്റെ ക്ലിയറിംഗ് കോർപ്പറേഷൻ കൂടാതെ/അല്ലെങ്കിൽ SEBI ഒരു കാരണവശാലും മേൽപ്പറഞ്ഞതിന് ഉത്തരവാദിയായിരിക്കുന്നതല്ല. കൂടാതെ, ഉൾപ്പെട്ടിരിക്കുന്ന നഷ്ട സാധ്യതകളെക്കുറിച്ച് മതിയായ വെളിപ്പെടുത്തലുകൾ നടത്തിയില്ല അല്ലെങ്കിൽ, ബന്ധപ്പെട്ട ഓഹരി ദല്ലാൾ ഉൾപ്പെട്ടിരിക്കുന്ന നഷ്ട സാധ്യതകളെക്കുറിച്ച് പൂർണ്ണമായി വിശദീകരിച്ചു തന്നിരുന്നില്ല എന്നോ നിങ്ങൾക്ക് വാദിക്കാൻ കഴിയുന്നതായിരിക്കില്ല. അംഗം മാത്രമായിരിക്കും അനന്തരഫലങ്ങൾക്ക് പൂർണ്ണ ഉത്തരവാദി, കൂടാതെ, ഒരു കോൺട്രാക്ടും ആ അക്കൗണ്ടി ലേയ്ക്ക് തിരികെയാക്കാനും കഴിയില്ല. പർച്ചേസ് ഓർഡറുകൾ നടപ്പിലാക്കുമ്പോഴും കൂടാതെ/അല്ലെങ്കിൽ ഓഹരി വിപണികളിൽ ട്രേഡിംഗ് ചെയ്യപ്പെടുന്ന ഡെറിവേറ്റീവുകൾ വിൽപന നടത്തുമ്പോഴും ലാഭത്തിന് ഒരു ഉറപ്പുമില്ലെ ന്നും അല്ലെങ്കിൽ നഷ്ടം സംഭവിക്കുന്നതിൽ നിന്നും ഒഴിവാകാൻ കഴിയില്ലെന്നും നിങ്ങൾ അറിഞ്ഞിരിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടതാണ്.

ഒരു ഓഹരി ദല്ലാൾ വഴി നിങ്ങൾ ഓഹരി വിപണിയിൽ ഇടപാടുകൾ നടത്തുമ്പോൾ, ഓഹരി ദല്ലാൾ സ്ഥാപിച്ച ചില ഉപചാരങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. നിങ്ങളുടെ കക്ഷിയെ അറിയുക ഫോം (നോ യുവർ ക്ലയന്റ് ഫോം) പൂരിപ്പിക്കുക, അവകാശങ്ങൾ ഉത്തരവാദിത്തങ്ങൾ, ചെയ്യേണ്ടത് ചെയ്യരുതാത്തവ തുടങ്ങിയവ വായിക്കുക എന്നിവ അതിൽ ചിലതാണ്. ബാധകമായ ഓഹരി വിപണികളുടെ ചട്ടങ്ങൾ, ബൈലോകൾ, നിയന്ത്രണങ്ങൾ, അതിന്റെ ക്ലിയറിംഗ് കോർപ്പറേഷൻ, SEBI സമയാസമയങ്ങളിൽ പ്രഖ്യാപിക്കുന്നതും നടപ്പിൽ വരുത്തുന്നതുമായ മാർഗനിർദ്ദേശങ്ങൾ, ഓഹരി വിപണികൾ അല്ലെങ്കിൽ അതിന്റെ ക്ലിയറിംഗ് കോർപ്പറേഷൻ

സമയാസമയങ്ങളിൽ പ്രഖ്യാപിക്കുന്നതും നടപ്പിൽ വരുത്തുന്നതുമായ സർക്കുലറുകൾ എന്നിവകൾക്ക് നിങ്ങൾ വിധേയരാണ്.

ഈ പ്രമാണത്തിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വിവരത്തിനെ അടിസ്ഥാനപ്പെടുത്തി, ഏതെങ്കിലും ഒരു വ്യക്തി ഓഹരി വിപണിയിലെ ഏതെങ്കിലും ദല്ലാളുമായി ബിസിനസ് ഇടപാടുകളിൽ ഏർപ്പെട്ടാൽ, ഓഹരി വിപണി അവർക്ക് എന്തെങ്കി ലും ഉപദേശം നൽകുകയോ നൽകാൻ ഉദ്ദേശിക്കുകയോ ആരോടും ബാധ്യതയുള്ളവരായിരിക്കുകയോ ഇല്ല. ഈ പ്രമാണത്തിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വിവരം ബിസിനസ് ഉപദേശമായി വ്യാഖ്യാനിക്കാൻ പാടുള്ളതല്ല. വിപണനത്തിൽ ഉൾപ്പെട്ടിരിക്കുന്ന അപകടസാധ്യതകൾ നല്ല തുപോലെ മനസിലാക്കാതെയും പരിശോധിക്കാതെയും അത്തരം വിപണനത്തിൽ ഏർപ്പെടുന്നത് പരിഗണിക്കാൻ പാടില്ല. നിങ്ങൾക്ക് ഒരു കാര്യത്തെക്കുറിച്ച് ഉറപ്പില്ലെങ്കിൽ,അതിനെക്കുറിച്ച് നിങ്ങൾക്ക് വിദഗ്ധോപദേശം തേടാവുന്നതാണ്.

നിങ്ങൾ ട്രേഡിംഗ് ചെയ്യാൻ പരിഗണിക്കുന്നെങ്കിലോ അല്ലെങ്കിൽ ആരെയെങ്കിലും അധികാരപ്പെടുത്തുന്നെങ്കിലോ, നിങ്ങൾ താഴെപ്പറയുന്നവയെക്കുറിച്ച് അറിഞ്ഞിരിക്കേണ്ടതുണ്ട്:

**1. അടിസ്ഥാന നഷ്ടസാധ്യതകൾ:**

**1.1 ഉയർന്ന അസ്ഥിരതയുടെ നഷ്ട സാധ്യത:**
ഓഹരി വിപണികളിൽ വിപണന പ്രക്രിയകൾ നടക്കുമ്പോൾ ഒരു സെക്യൂരിറ്റി/ഡെറിവേറ്റീവ്സ് കോൺട്രാക്ടുകളുടെ വിലയിൽ ദ്രുതഗതിയിലുണ്ടാകുന്ന മാറ്റത്തെയാണ് അസ്ഥിരത എന്നു പറയുന്നത്. സാധാരണയായി, സെക്യൂരിറ്റി/ഡെറിവേറ്റീവ്സ് കോൺട്രാക്ടുകളുടെ അസ്ഥിരത വർദ്ധിക്കുമ്പോൾ വിലയിലെ വ്യതിയാനങ്ങളും വർദ്ധിക്കുന്നു. സജീവമായി ട്രേഡിംഗ് ചെയ്യപ്പെടുന്ന സെക്യൂരിറ്റി/ഡെറിവേറ്റീവ് കോൺട്രാക്ടുകളേക്കാളും അത്ര സജീവമല്ലാതെ ട്രേഡിംഗ് ചെയ്യപ്പെടുന്ന സെക്യൂരിറ്റി/ഡെറിവേറ്റീവ് കോൺട്രാക്ടുകളിലാണ് സാധാരണയായി കൂടുതൽ അസ്ഥിരത കാണപ്പെടുന്നത്. അസ്ഥിരതയുടെ ഫലമായി നിങ്ങളുടെ ഓർഡർ ഭാഗികമായി നടപ്പിലാക്കപ്പെടുകയോ അല്ലെങ്കിൽ നടപ്പിലാക്കപ്പെടാതിരിക്കുകയോ ചെയ്യാം. അല്ലെങ്കിൽ, നിങ്ങളുടെ ഓർഡർ നടപ്പിലാക്കിയ വില, അവസാനം ട്രേഡിംഗ് ചെയ്ത് വിലയിൽ നിന്നുംവളരെ വ്യത്യസ്തമോ അല്ലെങ്കിൽ അതിനു ശേഷം ഗണ്യമായ മാറ്റങ്ങൾ സംഭവിക്കുകയോ ചെയ്യാം. ഇത് കനത്ത നഷ്ടത്തിലേയ്ക്ക് നയിച്ചേക്കാം.

**1.2 താഴ്ന്ന ലിക്വിഡിറ്റിയുടെ നഷ്ടസാധ്യത:**
കോംപെറ്റിറ്റീവ് വിലയിൽ അലെങ്കിൽ വിലയിൽ അധികം വ്യത്യാസങ്ങളില്ലാതെ സെക്യൂരിറ്റി/ഡെറിവേറ്റീവ് കോൺട്രാക്ടുകൾ വളരെയധികം വാങ്ങിക്കൂട്ടുന്നതിനുള്ള വിപണി പങ്കാളിയുടെ കഴിവിനെയാണ് ലിക്വിഡിറ്റി എന്നു കൊണ്ടുദ്ദേശിക്കുന്നത്. സാധാരണയായി ഒരു മാർക്കറ്റിൽ കൂടുതൽ ഓർഡറുകൾ ലഭ്യമാണെങ്കിൽ, ലിക്വിഡിറ്റിയും വളരെ ഉയർന്നതായിരിക്കും എന്നാണ് അനുമാനിക്കപ്പെടുന്നത്. ലിക്വിഡിറ്റി വളരെ പ്രധാനമാണ്, കാരണം, കൂടുതൽ ലിക്വിഡിറ്റിയുണ്ടെങ്കിൽ, നിക്ഷേപകർക്ക് സെക്യൂരിറ്റി/ഡെറിവേറ്റീവ് കോൺട്രാക്ടുകൾ വലിയ വില വ്യത്യാസമില്ലാതെ എളുപ്പം വാങ്ങനോ അല്ലെങ്കിൽ വിൽക്കാനോ കഴിയും. തൽഫലമായി, നിക്ഷേപകർക്ക്, വിൽക്കുന്ന അല്ലെങ്കിൽ വാങ്ങുന്ന സെക്യൂരിറ്റി/ഡെറിവേറ്റീവ് കോൺട്രാക്ടുകൾക്ക് മെച്ചപ്പെട്ട വില നൽകാനും ലഭിക്കാനുമുള്ള വർദ്ധിച്ച സാധ്യതയുണ്ടാകും. സജീവ സെക്യൂരിറ്റി/ഡെറിവേറ്റീവ് കോൺട്രാക്ടുകളെ അപേക്ഷിച്ച് ചില സെക്യൂരിറ്റി/ഡെറിവേറ്റീവ് കോൺട്രാക്ടുകളിൽ താഴ്ന്ന ലിക്വിഡിറ്റിയുടെ നഷ് ടസാധ്യതയുണ്ടാകാറുണ്ട്. തൽഫലമായി, നിങ്ങളുടെ ഓർഡർ ഭാഗികമായി

നടപ്പിലാക്കപ്പെട്ടേക്കാം, അല്ലെങ്കിൽ വളരെ വലിയ വില വ്യത്യാസത്തോടെ നടപ്പിലാക്കപ്പെട്ടേക്കാം, ചിലപ്പോൾ നടപ്പാക്കപ്പെടാതെയും വന്നേക്കം.

**1.2.1** ഡേ ട്രേഡിംഗ് തന്ത്രത്തിന്റെ ഭാഗമായി സെക്യൂരിറ്റി/ഡെറിവേറ്റീവ് കോൺട്രാക്ടുകൾ വാങ്ങുകയോ വിൽക്കുകയോ ചെയ്യുന്നത് നഷ്ടത്തിനു കാരണമായേക്കാം. കാരണം, ഇത്തരം സാഹചര്യങ്ങളിൽ സെക്യൂരിറ്റി/ഡെറിവേറ്റീവ് കോൺട്രാക്ടുകൾ, പ്രതീക്ഷിക്കുന്ന വിലയേക്കാൾ ഉയർന്നതോ താഴ്ന്നതോ ആയ വിലയിൽ സെക്യൂരിറ്റി/ ഡെറിവേറ്റീവ്സ് കോൺട്രാക്ട് വാങ്ങുകയോ/വിൽക്കുകയോ ചെയ്യപ്പെടും. അതിനാൽ ഓപ്പൺ പൊസിഷനിലോ അല്ലെങ്കിൽ സെക്യൂരിറ്റി/ഡെറിവേറ്റീവ് കോൺട്രാക്ടുകൾ നൽകാനോ സ്വീകരിക്കാനോ ഉള്ള ചുമതല ഇല്ലാതെ വരുന്നു.

**1.3 വിശാലമായ സ്പ്രെഡുകളുടെ നഷ്ട സാധ്യത:**
ബെസ്റ്റ് സെല്ലിന്റേയും ബെസ്റ്റ് ബൈയുടേയും വ്യത്യാസമാണ് സ്പ്രെഡ്. ഒരു സെക്യൂരിറ്റി/ഡെറിവേറ്റീവ്സ് കോൺട്രാക്ട് വാങ്ങി അപ്പോൾത്തനെ വിൽക്കുമ്പോൾ അല്ലെങ്കിൽ മറിച്ചും ചെയ്യുമ്പോൾ ഉണ്ടാകുന്ന വ്യത്യാസത്തെ അത് പ്രതിനിധാനം ചെയ്യുന്നു. കുറഞ്ഞ ലിക്വിഡ് അല്ലെങ്കിൽ ഇല്ലിക്വിഡ് സെക്യൂരിറ്റി/ഡെറിവേറ്റീവ്സ് കോൺട്രാക്ടുകളുടെ സാധാരണയിലും വിശാലമായ സ് പ്രെഡുകൾ താഴ് ന്ന ലിക്വിഡിറ്റിയും ഉയർന്ന അസ്ഥിരതയ്ക്കും കാരണമാകും. ഇത് മികച്ച വില രൂപപ്പെടുന്നതിനെ ബാധിക്കും.

**1.4. നഷ്ട സാധ്യത കുറയ്ക്കുന്ന ഓർഡറുകൾ:**
ഒരു പ്രത്യേക തുകയുടെ നഷ്ടം തടയുന്നതിനായി നടത്തുന്ന ഓർഡറുകളുടെ പ്ലേസിംഗ് (ഉദാഹരണത്തിന് 'സ്റ്റോപ്പ് ലോസ്' അല്ലെങ്കിൽ 'ലിമിറ്റ്' ഓർഡറുകൾ) ചിലപ്പോഴൊക്കെ ഫലപ്രദമാകാതെ വന്നേക്കാം. കാരണം, വിപണിയിലെ ദ്രുത ഗതിയിലുള്ള മാറ്റങ്ങൾ ആ ഓർഡറുകളുടെ നടപ്പാക്കാൻ അസാധ്യമാക്കിത്തീർക്കും.

**1.4.1** എതിർവശത്ത് ഓർഡറുകൾ ലഭ്യമാണെങ്കിൽ വിലയും മറ്റും കണക്കിലെടുക്കാതെ ഒരു "മാർക്കറ്റ് " ഓർഡർ ശരിയായ രീതിയിൽ നടപ്പിലാക്കപ്പെടും. ഒരു ഉപഭോക്താവിന് ഒരു ശരിയായ 'മാർക്കറ്റ്' ഓർഡർ നടപ്പിലാക്കിക്കിട്ടുമ്പോൾ, പ്രൈസ് ടൈം മുൻഗണനയിൽ, ഓർഡറിന്റെ വലിപ്പത്തെ തൃപ്തിപ്പെടുത്തുന്ന ഔട്ട്സ് റ്റാന്റിംഗ് ഓർഡറുകളുടെ ലഭ്യമായ വിലയിലായിരിക്കും ഓർഡർ നടപ്പിലാക്കുന്നത്. ഈ വിലകൾ അവസാനം ട്രേഡിംഗ് ചെയ്ത വിലയിൽനിന്നും വളരെ വ്യത്യസ്തമോ അല്ലെങ്കിൽ ആ സെക്യൂരിറ്റി/ഡെറിവേറ്റീവ്സ് കോൺട്രാക്ടിന്റെ മികച്ച വിലയിലോ ആയിരിക്കും.

**1.4.2** ഓർഡറിന് നിർദ്ദേശിക്കപ്പെട്ട 'ലിമിറ്റ്' പ്രൈസ് അല്ലെങ്കിൽ ഒരു മികച്ച വിലയിൽ മാത്രമേ ഒരു 'ലിമിറ്റ് ' ഓർഡർ നടപ്പാക്കപ്പെടുകയുള്ളൂ.

**1.4.3** ഒരു ഓഹരി/ഡെറിവേറ്റീവ്സ് കോൺട്രാക്ടിന്റെ അപ്പോഴത്തെ വിലയിൽ നിന്നും മാറിയായിരിക്കും ഒരു 'സ്റ്റോപ്പ് ലോസ് ഓർഡർ' പ്ലേസ് ചെയ്യുന്നത്. സെക്യൂരിറ്റി/ ഡെറിവേറ്റീവ്സ് കോൺട്രാക്ട് 'സ്റ്റോപ്പ് പ്രൈസി'ൽ എത്തുമ്പോൾ അല്ലെങ്കിൽ ട്രേഡിംഗ് ചെയ്യുമ്പോൾ മാത്രമായിരിക്കും അത്തരം ഓർഡറുകൾ സജീവമാകുന്നത്. നിലവിലെ വിലയ്ക്കും താഴെയായിരിക്കും സാധാരണയായി 'സെൽ സ്റ്റോപ്പ് ' ഓർഡറുകൾ പ്രവേശിക്കുന്നത്. നിലവിലെ വിലയ്ക്കും മുകളിലായിരിക്കും സാധാരണയായി 'ബൈ സ്റ്റോപ്പ്' ഓർഡറുകൾ പ്രവേശിക്കുന്നത്. സെക്യൂരിറ്റി/ ഡെറിവേറ്റീവ് സ് കോൺട്രാക്ട്, മുൻനിശ്ചയിച്ച പ്രകാരമുള്ള വിലയിൽ എത്തുമ്പോൾ, അല്ലെങ്കിൽ ആ വിലയിലൂടെ കടന്നു പോകുമ്പോൾ, സ്റ്റോപ്പ് ലോസ് ഓർഡർ ഒരു മാർക്കറ്റ് /ലിമിറ്റ് ഓർഡർ ആയി പരിവർത്തനപ്പെടുകയും അതിന്റെ പരിധിയിൽ അല്ലെങ്കിൽ

മികച്ചതിൽ നടപ്പാക്കപ്പെടുകയും ചെയ്യും. അതിനാൽ, സെക്യൂരിറ്റി/ ഡെറിവേറ്റീവ്സ് കോൺട്രാക്ട് മുൻനിശ്ചയിച്ച പ്രകാരമുള്ള വിലയിലേയ്ക്കു കയറുന്നതു വരെ ലിമിറ്റ് ഓർഡർ നടപ്പിലാക്കപ്പെടും എന്ന് ഒരു ഉറപ്പും ഇല്ല. ഈ അവസരത്തിൽ ഇത്തരം ഓർഡറുകൾ നടപ്പിലാക്കപ്പെടുകയില്ല എന്ന നഷ്ട സാധ്യത ഉയർന്നു വരും, ഒരു സാധാരണ ലിമിറ്റ് ഓർഡറിൽ എന്ന പോലെ.

**1.5 വാർത്താ പ്രഖ്യാപനങ്ങളുടെ നഷ്ട സാധ്യത:**
ഓഹരി/ഡെറിവേറ്റീവ്സ് കോൺട്രാക്ടിനെ ബാധിക്കുന്ന, ട്രേഡിംഗ് സമയത്തും താഴ്ന്ന ലിക്വിഡിറ്റിയും ഉയർന്ന അസ്ഥിരതയും ഒരുമിച്ചു വരുന്ന സമയത്തും സംഭവിക്കുന്ന വാർത്താ പ്രഖ്യാപനങ്ങൾ വളരെപ്പെട്ടെന്ന് സെക്യൂരിറ്റി/കോൺട്രാക്ട് വിലയിൽ അപ്രതീക്ഷിതമായ നെഗറ്റീവ് ചലനങ്ങൾക്ക് കാരണമായേക്കാം.

**1.6 കിംവദന്തികളുടെ നഷ്ടസാധ്യതകൾ:**
പറഞ്ഞു പരത്തുന്നതും, വർത്തമാന പത്രങ്ങൾ, വെബ്സൈറ്റ്, ന്യൂസ് ഏജൻസികൾ തുടങ്ങിയവയിൽക്കൂടിയും കമ്പനികളെക്കുറിച്ചും കറൻസിയെക്കുറിച്ചുമുള്ള കിംവദന്തികൾ ചിലപ്പോഴൊക്കെ വിപണിയിൽ പരക്കാറുണ്ട്. നിക്ഷേപകർ ഇത്തരം കിംവദന്തികളിൽ ജാഗരൂകരായിരിക്കുകയും നടപടികൾ ഒന്നും എടുക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

**1.7 സംവിധാനത്തിലെ നഷ്ടസാധ്യതകൾ:**
വിപണി തുറക്കുന്ന ഉടനേയും അവസാനിക്കുന്നതിനു മുമ്പും ഉയർന്ന നിരക്കിൽ ട്രേഡിംഗ് നടക്കാറുണ്ട്. ഇത്തരം ഉയർന്ന ട്രേഡിംഗ് ദിവസത്തിന്റെ ഏതു സമയത്തും സംഭവിക്കാവുന്നതാണ്. ഓർഡറുകൾ നടപ്പാക്കുന്നതിനും ഉറപ്പു വരുത്തുന്നതിനും ഇത് കാലതാമസം വരുത്താറുണ്ട്.

**1.7.1** അസ്ഥിരതയുടെ സമയത്ത്, വിപണി പങ്കാളികൾ അവരുടെ ഓർഡറുകൾ അല്ലെങ്കിൽ വില തുടർച്ചയായി മാറ്റിക്കൊണ്ടിരിക്കുമ്പോൾ ഓർഡറുകൾ നടപ്പാക്കുന്നതിനും ഉറപ്പു വരുത്തുന്നതിനും കാലവിളംബം വരും.

**1.7.2** വിൽപന സൈഡിൽ നിന്നോ വാങ്ങൽ സൈഡിൽ നിന്നോ ഔട്ട് സ്റ്റാൻഡിംഗ് ഓർഡറുകൾ ഒന്നുമില്ലെങ്കിൽ അല്ലെങ്കിൽ അസാധാരണമായ ട്രേഡിംഗ് പ്രവർത്തനം കാരണം അല്ലെങ്കിൽ സെക്യൂരിറ്റി/ ഡെറിവേറ്റീവ്സ് കോൺട്രാക്ട് സർക്യൂട്ട് ഫിൽട്ടേഴ്സിൽ എത്തുന്നെങ്കിൽ അല്ലെങ്കിൽ മറ്റെന്തെങ്കിലും കാരണത്താൽ സെക്യൂരിറ്റി/ ഡെറിവേറ്റീവ്സ് കോൺട്രാക്ടിൽ ട്രേഡിംഗ് നിലയ്ക്കുന്നുവെങ്കിൽ ചില മാർക്കറ്റ് അവസ്ഥകളിൽ, ഒരു ന്യായമായ വിലയിലോ അല്ലെങ്കിൽ അല്ലാതെയോ മാർക്കറ്റിലെ ഒരു പൊസിഷനിൽ ലിക്വിഡേറ്റ് ചെയ്യുന്നത് വളരെ ബുദ്ധിമുട്ടാണ്, ചിലപ്പോഴൊക്കെ അസാധ്യവും.

**1.8 സിസ്റ്റം/നെറ്റ്വർക്ക് കൺജെസ്റ്റൻ:**
ഓഹരി വിപണിയിലെ ട്രേഡിംഗ് ഇലക്ട്രോണിക് മോഡിലുള്ളതാണ്. ഓർഡറുകൾ പ്ലേസ് ചെയ്യാനും റൂട്ട് ചെയ്യാനും സാങ്കേതിക വിദ്യയും കംപ്യൂട്ടർ സംവിധാനവും ചേർന്നുള്ള ഒരു സാറ്റലൈറ്റ് /ലീസ്ഡ് ലൈൻ അടിസ്ഥാനമാക്കിയുള്ള വാർത്താവിനിമയമാണ് ഉപയോഗിക്കുന്നത്. അതിനാൽ, പ്രക്രിയകളിലെ താമസം, ഓർഡറുകൾ മൊത്തമായോ ഭാഗികമായോ വിൽക്കാനോ വാങ്ങാനോ കഴിയാതെ വരിക എന്നിവയ്ക്കൊക്കെ കാരണമാകുന്ന ട്രേഡിംഗ് സിസ്റ്റം/നെറ്റ്വർക്ക് തുടങ്ങിയവ അക്സസ് ചെയ്യാൻ കഴിയാതെയാക്കുന്ന വിനിമയത്തകരാർ, കംപ്യൂട്ടർ സംവിധാനത്തിന്റെ തകരാർ, മെല്ലെയും വൈകിയുമുള്ള പ്രതികരണം, ട്രേഡിംഗ് നിലയ്ക്കൽ കൂടാതെ മറ്റു പ്രശ്നങ്ങൾ എന്നിങ്ങനെ നിയന്ത്രണാതീതമായ പ്രശ്നങ്ങൾ സംഭവിക്കാനുള്ള

സാധ്യതയുണ്ട്. ഈ പ്രശ്നങ്ങളൊക്കെ സാധാരണയായി താൽക്കാലികമാണെങ്കിലും, നിങ്ങൾ ഔട്ട് സ്റ്റാൻഡിംഗ് ഓപ്പൺ പൊസിഷനിലോ അല്ലെങ്കിൽ നടപ്പിലാകാത്ത ഓർഡറുകൾ ഉള്ള അവസ്ഥയിലാണെങ്കിലോ, ഇത് ഒരു അപകട സാധ്യതയായി നിലനിൽക്കുന്നു, കാരണം നടപ്പിലാക്കപ്പെട്ട എല്ലാ ഇടപാടുകളും തീർപ്പു കൽപ്പിക്കേണ്ടത് നിങ്ങളുടെ കടമയാണ്.

**2. ഡെറിവേറ്റീവ് വിഭാഗത്തെ സംബന്ധിച്ച്, ദയവായി താഴെപ്പറയുന്ന അധിക പ്രത്യേകതകളെക്കുറിച്ച് ബോധവാനായിരിക്കുക:**

**2.1 "ലിവറേജ്" അഥവാ "ഗിയറിങ്" ഫലങ്ങൾ:**

ഡെറിവേറ്റീവ് മാർക്കറ്റിൽ, ഡെറിവേറ്റീവ്സ് കോൺട്രാക്ടിന്റെ മൂല്യത്തെ അപേക്ഷിച്ച് മാർജിൻ തുക വളരെ ചെറുതാണ്, അതിനാൽ ഇടപാടുകളെല്ലാം "ലിവെറേജ്ഡ്" അല്ലെങ്കിൽ 'ഗിയേർഡ് ' ആകും. സാധാരണയായി ചെറിയ മാർജിൻ തുകയ്ക്ക് ട്രേഡിംഗ് ചെയ്യപ്പെടുന്ന ഡെറിവേറ്റീവുകൾ, മാർജിൻ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ ലാഭത്തിനുള്ള സാധ്യത നൽകുന്നു. പക്ഷേ ഡെറിവേറ്റീവുകളിലെ ഇടപാടുകൾക്ക് വളരെ ഉയർന്ന അപകടസാധ്യതയുള്ളതാണ്. അതിനാൽ, ഡെറിവേറ്റീവുകളിൽ ട്രേഡിംഗ് നടത്തുന്നതിനു മുമ്പ് താഴെ പറയുന്ന പ്രസ്താവനകൾ നല്ല തുപോലെ മനസിലാക്കുകയും തങ്ങളുടെ സാമ്പത്തിക സ്രോതസും ചുറ്റുപാടുകളും അനുസരിച്ച് ബദ്ധ ശ്രദ്ധ പുലർത്തേണ്ടതുമാണ്. വിലകൾ നിങ്ങൾക്കെതിരായാണ് ചലിക്കുന്നതെങ്കിൽ, വളരെക്കുറഞ്ഞ സമയത്തിനുള്ളിൽ, മാർജിൻ തുകയുടെ നല്ലൊരു ഭാഗമോ അല്ലെങ്കിൽ പൂർണ്ണമായോ നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അതിനെല്ലാമുപരി, നഷ്ടം ചിലപ്പോൾ യഥാർത്ഥ മാർജിൻ തുകയിലധികമാകാനും സാധ്യതയുണ്ട്.

A. ഫ്യൂച്ചേർസ് ട്രേഡിംഗിൽ, എല്ലാ പൊസിഷനുകളുടേയും ദിവസേനയുള്ള സെറ്റിൽമെന്റ് ഉൾപ്പെടുന്നു. എല്ലാ ദിവസവും ഓപ്പൺ പൊസിഷനുകൾ, ഇൻഡെക്സ് /ഡെറിവേറ്റീവ്സ് കോൺട്രാക്ടിന്റെ ക്ലോസിംഗ് ലെവലിന് അടിസ്ഥാനമാക്കി മാർക്കറ്റിൽ മാർക്കു ചെയ്യും. നിങ്ങൾക്കെതിരായാണ് കോൺട്രാക്ട് ചലിക്കുന്നതെങ്കിൽ, അത്തരം ചലനം കൊണ്ട് നിങ്ങൾക്കു നഷ്ടമാകുന്ന തുക (സാങ്കൽപികം), നിങ്ങൾ നിക്ഷേപിക്കേണ്ടതായി വരും. ഒരു നിശ്ചിത സമയത്തിനുള്ളിൽത്തന്നെ ഈ തുക നിക്ഷേപിക്കേണ്ടതായി വരും, സാധാരണയായി അടുത്ത ദിവസം ട്രേഡിംഗ് ആരംഭിക്കുന്നതിനു മുമ്പ്.

B. കാലാവധിയ്ക്കു മുമ്പ് ആ അധിക തുക നിക്ഷേപിക്കുവാൻ നിങ്ങൾ പരാജയപ്പെടുന്നെങ്കിൽ അല്ലെങ്കിൽ ഒരു ഔട്ട്സ്റ്റാൻഡിംഗ് ഡെബ്റ്റ് നിങ്ങളുടെ അക്കൗണ്ടിൽ ഉണ്ടാകുകയാണെങ്കിൽ, ഓഹരി ദല്ലാൾ, പൊസിഷന്റെ അല്ലെങ്കിൽ സബ്സ്റ്റിറ്റിയൂട്ട് സെക്യൂരിറ്റികളുടെ ഒരു ഭാഗം അല്ലെങ്കിൽ മുഴുവനും ലിക്വിഡേറ്റ് ചെയ്യുന്നതായിരിക്കും. ഈ സാഹചര്യത്തിൽ, അത്തരം ക്ലോസ് -ഔട്ടുകൾ കാരണമുണ്ടാകുന്ന ഏതു നഷ്ടത്തിനും നിങ്ങൾ തന്നെയായിരിക്കും ഉത്തരവാദി.

C. ചില പ്രത്യേക മാർക്കറ്റ് അവസ്ഥകളിൽ, ഇടപാടുകൾ നടത്തുന്നത് നിക്ഷേപകന് അസാധ്യമായി വരും. ഉദാഹരണത്തിന്, ഇത്തരം അവസ്ഥകൾ ലിക്വിഡിറ്റി പോലെയുള്ള ഘടകങ്ങൾ കൊണ്ട് സംഭവിക്കാം. അതായത്, വില പരിമിതി അല്ലെങ്കിൽ സർക്യൂട്ട് ബ്രേക്കറുകൾ തുടങ്ങിയവ കാരണം അപര്യാപ്തമായ ബിഡ് അല്ലെങ്കിൽ ഓഫറുകൾ, അല്ലെങ്കിൽ ട്രേഡിംഗിന്റെ നിർത്തിവയ്ക്കൽ എന്നിവ ഉണ്ടാകുകയാണെങ്കിൽ.

D. വിപണിയിലെ സ്ഥിരത നിലനിർത്താനായി, താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്: മാർജിൻ നിരക്കിലെ മാറ്റങ്ങൾ, ക്യാഷ് മാർജിൻ നിരക്ക് അല്ലെങ്കിൽ

മറ്റുള്ളവയുടെ വർദ്ധനവ്. നിലവിലെ ഓപ്പൺ ഇന്ററസ്റ്റിൽ ഈ പുതിയ നടപടികൾ കൂടി നടപ്പിലാക്കാവുന്നതാണ്. ഇത്തരം അവസ്ഥകളിൽ, അധികം മാർജിനുകൾ നിലനിർത്തേണ്ടതായോ നിങ്ങളുടെ പൊസിഷനുകൾ കുറയ്ക്കേണ്ടതായോ വന്നേക്കാം.

e. നിങ്ങൾ ട്രേഡ് നടത്താൻ ആലോചിക്കുന്ന ഡെറിവേറ്റീവ്സ് കോൺട്രാക്ടുകളെക്കുറിച്ചുള്ള മുഴുവൻ വിവരങ്ങളും നൽകാൻ നിങ്ങളുടെ ദല്ലാളിനോട് ആവശ്യപ്പെടാം. അതായത്, കോൺട്രാക്ട് പ്രത്യേകതകളും അതുമായി ബന്ധപ്പെട്ട കടമകളും.

**2.2 കറൻസിയുമായി ബന്ധപ്പെട്ട അപകട സാധ്യതകൾ:**

1. കോൺട്രാക്ടിന്റെ കറൻസി മറ്റൊരു കറൻസിയിലേയ്ക്ക് മാറ്റേണ്ടതിന്റെ ആവശ്യകത ഉണ്ടെങ്കിൽ, നിങ്ങളുടെ സ്വന്തമോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാര പരിധിക്കുള്ളിലാണ് നടക്കുന്നതെങ്കിൽപ്പോലും കറൻസി നിരക്കിലുള്ള വ്യതിയാനങ്ങൾ വിദേശ കറൻസി കോൺട്രാക്ടുകളുടെ ഇടപാടുകളിൽ നിന്നുള്ള ലാഭത്തേയും നഷ്ടത്തേയും അതു ബാധിക്കും.

2. ചില പ്രത്യേക മാർക്കറ്റ് അവസ്ഥകളിൽ, ഒരു പൊസിഷൻ ലിക്വിഡേറ്റ് ചെയ്യുന്നത് നിങ്ങൾക്ക് ബുദ്ധിമുട്ടായോ അല്ലെങ്കിൽ അസാദ്ധ്യമായോ അനുഭവപ്പെടാം. ഉദാഹരണത്തിന്, കറൻസിയുടെ നിയന്ത്രണം എടുത്തു കളഞ്ഞാലോ, ഫിക്സ്ഡ് ട്രേഡിംഗ് ബാൻഡുകൾ വികസിപ്പിച്ചാലോ ഒക്കെ ഇങ്ങനെ സംഭവിക്കാവുന്നതാണ്.

3. കറൻസിയുടെ മൂല്യം വളരെ അസ്ഥിരമാണ്. കറൻസിയുടെ വില നിയന്ത്രിക്കുന്ന ഘടകങ്ങളിൽ ചിലത് താഴെപ്പറയുന്നു: ആദാനത്തിന്റേയും പ്രദാനത്തിന്റേയും ബന്ധങ്ങളിലുണ്ടാകുന്ന മാറ്റങ്ങൾ, സർക്കാരുകളുടെ ട്രേഡ്, ഫിസ് കൽ, മോണിറ്ററി, എക്സ്ചേഞ്ച് കൺട്രോൾ പ്രോഗ്രാമുകളും പോളിസികളും; വിദേശ, രാഷ്ട്രീയ, സാമ്പത്തിക സംഭവങ്ങളും നയങ്ങളും; ദേശീയവും അന്തർദേശീയവുമായ പലിശാ നിരക്കിലെ വ്യതിയാനങ്ങൾ, പണപ്പെരുപ്പം; കറൻസിയുടെ മൂല്യശോഷണം, വിപണിയിലെ മാറ്റങ്ങൾ. ഇതൊന്നും ഒരു വ്യക്തിഗത ഉപദേശകനാൽ നിയന്ത്രിതമല്ല, ഒരു ഉപദേശകന്റെ ഉപദേശം, പങ്കാളിയായ ഉപഭോക്താവിന് ലാഭകരമായ ട്രേഡിംഗിനു സഹായിക്കുമെന്നും ഇത്തരം സംഭവങ്ങളിൽ നിന്നും നഷ്ടമുണ്ടാകില്ല എന്ന് ഉറപ്പു പറയാനും സാധ്യമല്ല.

**2.3 ഓപ്ഷൻ ഹോൾഡറുകളുടെ നഷ്ട സാധ്യത:**

1. ഒരു ഹ്രസ്വകാലത്തേയ്ക്ക് ഓപ്ഷനു നൽകിയ മുഴുവൻ തുകയും നഷ്ടപ്പെടുന്ന ഒരു അപകട സാധ്യത ഓപ്ഷൻ ഹോൾഡറിന് ഒപ്പമുണ്ട്. കാലാവധി കഴിയുമ്പോൾ വിലയില്ലാത്തതാകുന്ന വേസ്റ്റ് അസറ്റ് പോലെയുള്ള ഒരു ഓപ് ഷന്റെ സ്വഭാവം ഈ അപകട സാധ്യത പ്രതിഫലിപ്പിക്കുന്നുണ്ട്. തന്റെ ഓപ്ഷൻ സെക്കന്ററി മാർക്കറ്റിൽ വിൽക്കുകയോ അതിന്റെ കാലാവധി കഴിയുന്നതിനു മുമ്പ് ഉപയോഗിക്കുകയോ ചെയ്യാത്ത ഒരു ഓപ്ഷൻ ഹോൾഡർക്ക് ഓപ്ഷനിലെ തന്റെ മുഴുവൻ നിക്ഷേപവും നഷ്ടപ്പെടുന്നതു തന്നെയായിരിക്കും. ഓപ്ഷന്റെ കാലാവധി കഴിയുന്നതിനു മുമ്പ് അന്തർലീനമായതിന്റെ നിരക്ക് മുൻകൂട്ടി കാണുന്ന ദിശയിൽ മാറുന്നില്ലാ എങ്കിൽ, ഓപ്ഷന്റെ ചിലവിനെ കവർ ചെയ്യുന്നതിനാവശ്യമായിടത്തോളം, ആ ഓപ്ഷനിൽ, നിക്ഷേപകന് ഈ നിക്ഷേപത്തിന്റെ ഭൂരിഭാഗവും അല്ലെങ്കിൽ മുഴുവനും നഷ്ടപ്പെടുന്നതായിരിക്കും.

2. വിപണികൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതും ചില സമയത്ത് ചില പ്രത്യേക സാഹചര്യങ്ങളിൽ ഓപ്ഷൻ ഉപയോഗിക്കുന്നത് തടയാനുള്ള പൂർണ്ണ അധികാരവും അതിന് ഉണ്ടായിരിക്കും.

**2.4 ഓപ്ഷൻ റൈറ്റർമാരുടെ നഷ്ട സാധ്യതകൾ:**
അന്തർലീനമായിരിക്കുന്നതിന്റെ വിലയിലുണ്ടാകുന്ന ചലനം മുൻകൂട്ടി കണ്ട ദിശയിലല്ലെങ്കിൽ, ഭീമമായ ഒരു തുക നഷ്ടപ്പെടുന്നതിന്റെ ഒരു നഷ്ടസാധ്യത ഓപ്ഷൻ റൈറ്ററിനൊപ്പമുണ്ട്.

2. അതേ അന്തർലീനമായ പലിശയിൽ മറ്റ് ഓപ്ഷനുകൾ വാങ്ങുകയും അതു വഴി ഒരു സ് പ്രെഡ് ഓപ്ഷൻ സ്വന്തമാക്കുകകയോ അല്ലെങ്കിൽ ഓപ്ഷൻ മാർക്കറ്റിൽ അല്ലെങ്കിൽ മറ്റു മാർക്കറ്റുകളിൽ നിന്നും മറ്റുതരത്തിലുള്ള ഹെഡ് ജിംഗ് പൊസിഷനുകൾ വാങ്ങുന്നതു വഴിയോ ഒരു ഓപ്ഷൻ റൈറ്റർ ആയിരിക്കുന്നതിന്റെ നഷ്ടസാധ്യത കുറയ്ക്കാവുന്നതാണ്. എന്നിരുന്നാലും, റൈറ്റർ സ്പ്രെഡ് അല്ലെങ്കിൽ ഹെഡ്ജിംഗ് പൊസിഷനുകൾ സ്വന്തമാക്കിയാലും, നഷ്ടസാധ്യത വലുതു തന്നെയായിരിക്കും. സ്പ്രെഡ് പൊസിഷൻ, ഒരു സാധാരണ 'ലോംഗ്' അല്ലെങ്കിൽ 'ഷോർട്ട്' പൊസിഷനേക്കാളും നഷ്ടസാധ്യത കുറഞ്ഞതായിരിക്കണമെന്ന് നിർബന്ധമില്ല.

3. ഒന്നിലധികം ഓപ്ഷനുകൾ സംയുക്തമായി വാങ്ങുകയും റൈറ്റ് ചെയ്യുകയും ചെയ്യുന്നത് ഉൾപ്പെടുന്ന ഇടപാടുകൾ, അല്ലെങ്കിൽ, ഹ്രസ്വ അന്തർലീനമായ ഇന്ററസ്റ്റ് വാങ്ങുകയും വിൽക്കുകയും ചെയ്യുന്നതിനോട് സംയുക്തമായി ഓപ്ഷനുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നത് നിക്ഷേപകന് അധിക നഷ്ട സാധ്യതയുണ്ടാക്കും. ഓപ്ഷൻ സ്പ്രെഡുകൾ പോലെയുള്ള സംയുക്ത ഇടപാടുകൾ, സിംഗിൾ ഓപ്ഷൻ വാങ്ങുന്നതും റൈറ്റു ചെയ്യുന്നതിനേക്കാളും സങ്കീർണ്ണമാണ്. ഏതു നിക്ഷേപത്തിലും എന്നതുപോലെ, ഒരു സങ്കീർണ്ണത എളുപ്പം മനസിലാക്കാൻ കഴിയുന്നതല്ല, അതു സ്വയം തന്നെ ഒരു നഷ്ടസാധ്യതാ ഘടകമാണെന്ന് ശ്രദ്ധിച്ചിരിക്കേണ്ടതാണ്. സംയുക്ത തന്ത്രങ്ങൾ പരിഗണിക്കപ്പെടേണ്ടതല്ല എന്നു പറയാതിരിക്കുമ്പോഴും, ഓപ്ഷനുകളിലെ എല്ലാ നിക്ഷേപങ്ങളുടേയും കാര്യത്തിൽ, വിവിധ വിപണി അവസ്ഥകളിൽ സംയുക്ത ഇടപാടുകളേയും നഷ്ട സാധ്യതയേയും സാധ്യമായ പ്രതിഫലങ്ങളേയും കുറിച്ച് അനുഭവ സമ്പത്തും അറിവുമുള്ള ഒരാളോട് കൂടിയാലോചിക്കുന്നത് ആശാസ്യമായിരിക്കും.

**3. വയർലെസ് സാങ്കേതിക വിദ്യയിലൂടെ ട്രേഡിംഗ് നടത്തുന്നത് / റൗട്ടിംഗിലൂടെ സ്മാർട്ട് ഓർഡർ മറ്റു സാങ്കേതിക വിദ്യയും.**

വയർലെസ് ടെക്നോളജി/സ്മാർട്ട് ഓർഡർ റൗട്ടിംഗ് അല്ലെങ്കിൽ മറ്റേതെങ്കിലും സാങ്കേതിക വിദ്യയിലൂടെ ട്രേഡ് ചെയ്യപ്പെടുന്ന സെക്യൂരിറ്റിയുടെ പ്രത്യേകതകൾ, നഷ്ട സാധ്യതകൾ, ഉത്തര വാദിത്തങ്ങൾ എന്നിവ വ്യാഖ്യാനിക്കുന്ന ഏതെങ്കിലും അധിക പ്രൊവിഷനുകളെക്കുറിച്ച് ഓഹരി ദല്ലാൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തുന്നതായിരിക്കും.

**4. പൊതുവായത്**

**4.1** കോൺസ്റ്റിറ്റുവന്റ് എന്ന പദം, ഓഹരി വിപണികൾ നൽകുന്ന മെക്കാനിസത്തിൽക്കൂടി സെക്യൂരിറ്റികൾ/ ഡെറിവേറ്റീവ്സ് കോൺട്രാക്ടുകൾ എന്നിവ വാങ്ങുകയും വിൽക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ഒരു ഓഹരി ദല്ലാളുമായി ഇടപാടു നടത്തുന്ന ക്ലയന്റ്, ഉപഭോക്താവ്, അല്ലെങ്കിൽ ഒരു നിക്ഷേപകൻ എന്നിവ അർത്ഥമാക്കുകയും ഉൾപ്പെടുകയും ചെയ്യുന്നു.

**4.2** ഓഹരി ദല്ലാൾ എന്ന പദം, ഓഹരി വിപണികളാൽ ഓഹരി ദല്ലാൾ എന്നു വിവക്ഷിക്കപ്പെടുന്ന, SEBIയിൽ നിന്നും ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉള്ള ഒരു ഓഹരി ദല്ലാൾ എന്ന് അർത്ഥമാക്കുകയും ഉൾപ്പെടുകയും ചെയ്യുന്നു.

## അനുബന്ധം-6

### മർഗനിർദ്ദേശ കുറിപ്പുകൾ- നിക്ഷേപകർ എക്സ്ചേഞ്ചിൽ (കളിൽ)ട്രേഡിംഗ് നടത്തുമ്പോൾ ചെയ്യേണ്ടതും ചെയ്യരുതാത്തതും ആയ കാര്യങ്ങൾ

| **നിങ്ങൾ ട്രേഡിംഗ് നടത്തുന്നതിനു മുമ്പ്** |
|---|
| 1. നിങ്ങൾ SEBI രജിസ്ട്രേഷൻ ഉള്ള ഇടനിലക്കാരോടൊപ്പമാണ് ഇടപാട് നടത്തുന്നതെന്ന് ഉറപ്പാക്കുക. നിങ്ങൾക്ക് അവരുടെ SEBI രജിസ്ട്രേഷൻ നമ്പർ സ്റ്റോക് എക്സ്ചേഞ്ചുകളിൽ www.exchange.com ലും SEBI വെബ് സൈറ്റ് www.sebi.gov.in ലും ലഭ്യമായ ലിസ്റ്റിൽ പരിശോധിക്കാവുന്നതാണ്.<br>2. നിങ്ങൾ KYC ഫോം മുഴുവനായി പൂരിപ്പിക്കുകയും KYC ഫോമിൽ ആവശ്യമില്ലാത്ത ഭാഗങ്ങൾ വെട്ടികളയുകയും ചെയ്യുക<br>3. നിർബന്ധമായുള്ള രേഖകൾ, അതായത്, സ്റ്റോക്ക് ബ്രോക്കറുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും, നഷ്ട സാധ്യതാ വെളിപ്പെടുത്തൽ രേഖകൾ, നയങ്ങളും നടപടി ക്രമങ്ങളും രേഖകൾ എന്നിവ എല്ലാം നിങ്ങൾ വായിച്ചു എന്നുറപ്പാക്കണം<br>4.നിങ്ങളും സ്റ്റോക്ക് ബ്രോക്കറും സമ്മതിച്ചുറപ്പിച്ച സ്വമേധയായുള്ള നിബന്ധനകൾ, എന്തെങ്കിലും ഉണ്ടെങ്കിൽ, നിങ്ങൾ അവ വായിച്ച് മനസ്സിലാക്കിയ ശേഷം ഒപ്പു വയ്ക്കുന്നു എന്നുറപ്പാക്കുക. നിങ്ങളും സ്റ്റോക്ക് ബ്രോക്കറും സമ്മതിച്ചുറപ്പിച്ച സ്വമേധയായുള്ള നിബന്ധനകൾനിങ്ങളുടെ സമ്മതമില്ലാതെ മാറ്റാൻ സാധിക്കില്ലെന്ന് ശ്രദ്ധിക്കുക.<br>5. ട്രേഡിംഗിനായി നിങ്ങളിൽ നിന്ന് ബ്രോക്കർ ഈടാക്കുന്ന SEBI/സ്റ്റോക് എക്സ് ചേഞ്ച് നിഷ്കർഷിച്ചിരിക്കുന്ന സാധ്യതകൾ/മാർഗ നിർദ്ദേശങ്ങൾ പ്രകാരമുള്ള ബ്രോക്കറേജ്, കമ്മീഷൻ, ഫീസുകൾ, മറ്റു ചാർജ്ജുകൾ എന്നിവയെകുറിച്ച് വ്യക്തമായ വിവരങ്ങൾ നേടുക.<br>6. നിങ്ങൾ നടപ്പാക്കിയ എല്ലാ പ്രമാണങ്ങളുടെയും ഒരു പകർപ്പ് സ്റ്റോക്ക് ബ്രോക്കറിൽ നിന്ന് സൗജന്യമായി ലഭ്യമാക്കുക<br>7. നിങ്ങളുടെ ബാങ്ക് അക്കൗണ്ടും ഡിമാറ്റ് അക്കൗണ്ടും പ്രവർത്തിപ്പിക്കാൻ നിങ്ങൾ സ്റ്റോക്ക് ബ്രോക്കറുടെ പേരിൽ പവർ ഓഫ് അറ്റോർണി (POA) നടപ്പാക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ, ഇക്കാര്യത്തിൽ SEBI/ എക്സ്ചേഞ്ച് പുറത്തിറക്കിയ മാർഗ നിർദ്ദേശങ്ങൾ പരിശോധിക്കുക. |
| **ഇടപാടുകളും സെറ്റിൽമെന്റുകളും** |
| 8. നിങ്ങൾ പ്രത്യേകമായി രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ സ്റ്റോക് ബ്രോക്കർ നിങ്ങൾക്ക് ഇലക്ട്രോണിക് കോൺട്രാക്ട് നോട്ടുകൾ (ECN) അയച്ചു തരുന്നതാണ്. ഇതിനായി നിങ്ങളുടെ ഈമെയിൽ ID സ്റ്റോക് ബ്രോക്കർക്ക് നൽകേണ്ടതാണ്. നിങ്ങൾക്ക് കംപ്യൂട്ടർ ഉപയോഗം അത്ര സുഗമമല്ലെങ്കിൽ ECN തിരഞ്ഞെടുക്കരുത്.<br>9. നിങ്ങളുടെ ഇന്റർനെറ്റ് ട്രേഡിംഗ് അക്കൗണ്ട് നമ്പറും പാസ്വേഡും മറ്റാരുമായും പങ്കു വയ്ക്കരുത്.<br>10. സ്റ്റോക്ക് ബ്രോക്കർക്ക് പേയ്മെന്റുകൾ പണം ആയി നൽകരുത്<br>11. സ്റ്റോക്ക് ബ്രോക്കറുടെ പേരിൽ അക്കൗണ്ട് പേയീ ചെക്കുകളായി മാത്രം പേയ്മെന്റ് നൽകുക. സബ് ബ്രോക്കറുടെ പേരിൽ ചെക്ക് നൽകരുത്. സ്റ്റോക്ക് ബ്രോക്കർക്ക് നൽകുന്ന പേയ്മെന്റ് / സെക്യൂരിറ്റീസിന്റെ ഡിപ്പോസിറ്റ് എന്നിവയുടെ തിയ്യതി, സ്ക്രിപ്, എണ്ണം, ഈ പണം അല്ലെങ്കിൽ സെക്യൂരിറ്റികൾ ഏത് ബാങ്കിൽ നിന്ന് / ഡിമാറ്റ് അക്കൗണ്ടിൽ നിന്ന് ഏത് ബാങ്കിലേക്കാണ്/ഡിമാറ്റ് അക്കൗണ്ടിലേക്കാണ് നിക്ഷേപിച്ചിരിക്കുന്നത് എന്നതിന്റെ രേഖാമൂലമുള്ള തെളിവുകൾ നിങ്ങളുടെ പക്കൽ ഉണ്ടെന്ന് ഉറപ്പാക്കുക.<br>12. സ്റ്റോക് എക്സ്ചേഞ്ചിന്റെ വെബ് സൈറ്റിൽ ട്രേഡ് വെരിഫിക്കേഷൻ നടത്താനുള്ള |

സൗകര്യമുണ്ട്. കോണ്ട്രാക്ട് നോട്ടിൽ നൽകിയിട്ടുള്ള വിവരങ്ങൾ ഇതുമായി ഒത്തു നോക്കി ഉറപ്പാക്കാവുന്നതാണ്. വെബ് സൈറ്റിലെ വിവരങ്ങൾ നിങ്ങൾക്കു ലഭിച്ചിട്ടുള്ള കോൺട്രാക്ട് നോട്ടിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണെങ്കിൽ, ഉടൻതന്നെ ഇൻവെസ്റ്റേഴ്സ് ഗ്രീവൻസ് സെൽ അല്ലെങ്കിൽ ബന്ധപ്പെട്ട സ്റ്റോക് എക്സ്ചേഞ്ചിൽ ബന്ധപ്പെടുക.

13. റണ്ണിംഗ് അക്കൗണ്ട് നിലനിർത്താൻ നിങ്ങൾ നിശ്ചിതമായ അംഗീകാരം നൽകിയിട്ടുണ്ടെങ്കിൽ, ഫണ്ടുകളുടെ പേ ഔട്ട്, അല്ലെങ്കിൽ സെക്യൂരിറ്റികളുടെ ഡെലിവറി (ഇതിൽ യോജിച്ചത് ഏതോ അത്) എന്നിവ എക്സ്ചേഞ്ചിൽ നിന്നും പേ ഔട്ട് ലഭിച്ച് ഒരു ദിവസത്തിനുള്ളിൽ നിങ്ങൾക്ക് ലഭ്യമാകണമെന്നില്ല. അതിനാൽ, ഇനിപ്പറയുന്ന വ്യവസ്ഥയിൽ സ്റ്റോക്ക് ബ്രോക്കർ നിങ്ങൾക്കു വേണ്ടി റണ്ണിംഗ് അക്കൗണ്ട് നിലനിർത്തുന്നതാണ്.
    A. ഇത്തരത്തിൽ നിങ്ങളിൽ നിന്നുള്ള അംഗീകാരത്തിൽ നിങ്ങൾ തിയ്യതി ഇട്ട് ഒപ്പു വയ്ക്കേണ്ടതാണ്. നിങ്ങൾ ഇത് എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതാണെന്ന വ്യവസ്ഥ ഉൾക്കൊള്ളുന്നതുമാണ്.
    B. ഫണ്ടുകളുടെയും സെക്യൂരിറ്റികളുടെയും ശരിയായാ സെറ്റിൽമെന്റ് നിങ്ങളുടെ മുൻഗണനകൾക്കനുസരിച്ച് ചുരുങ്ങിയത് മൂന്നു മാസത്തിൽ ഒരിക്കൽ അല്ലെങ്കിൽ മാസത്തിൽ ഒരിക്കൽ നടത്തുന്നതാണ്. അക്കൗണ്ട് സെറ്റിൽ ചെയ്യുമ്പോൾ, ഫണ്ടുകൾക്കായി ക്ലയന്റ് ലെഡ്ജറിൽ നിന്നുള്ള പ്രസക്തഭാഗങ്ങളും ഫണ്ടുകളുടെയും രസീതുകളുടെയും എല്ലാ റെസീപ് റ്റുകളും/ഡെലിവറികളും പ്രദർശിപ്പിക്കുന്ന സെക്യൂരിറ്റികളുടെ രജിസ്റ്ററിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങളും നിങ്ങൾക്കയച്ചു തരുന്നതാണ്. ഫണ്ടുകളും സെക്യൂരിറ്റികളും നിലനിർത്തുന്നതും പണയപ്പെടുത്തിയതും, അങ്ങിനെ ഉണ്ടെങ്കിൽ, സ്റ്റേറ്റ്മെന്റുകളിൽ വിശദീകരിക്കുന്നതാണ്.
    C. സെറ്റിൽമെന്റ് ദിവസം, ഓഹരി ദല്ലാൾ ആവശ്യമായ ഓഹരികൾ/ഫണ്ടുകൾ, കുടിശ്ശികയുള്ള പണത്തിനു വേണ്ടി നിലനിർത്തിയേക്കാവുന്നതാണ്, ഒപ്പം ഡെറിവേറ്റീവ് മാർജിൻ ബാധ്യതകൾ നിറവേറ്റുന്നതിന് ആവശ്യമുള്ളതായി പ്രതീക്ഷിക്കപ്പെടുന്ന ഫണ്ടും, എക്സ് ചേഞ്ച് നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ കണക്കാക്കുകയും അടുത്ത 5 ട്രേഡിംഗ് ദിവസത്തേക്ക് കൈവശം വയ്ക്കുകയും ചെയ്യുന്നതാണ്. ക്യാഷ് മാർക്കറ്റ് ഇടപാടുകളുടെ കാര്യത്തിലാണെങ്കിൽ ഓഹരി ദല്ലാൾ ഫണ്ടുകളുടെയും സെക്യൂരിറ്റികളുടെയും സെറ്റിൽമെന്റ് തിയ്യതി വരെയുള്ള പണം അടയ്ക്കൽ ബാധ്യതയ്ക്കായും അടുത്ത ദിവസത്തെത്തെ ബിസിനസ്സിനുള്ള തുകയ്ക്കുമായി ക്ലയന്റിൽ നിന്നുമുള്ള മൊത്തം പണമടയ് ക്കുന്നതിനുള്ള ബാധ്യത ഓഹരി ദല്ലാൾ കൈവശം വച്ചേക്കാവുന്നതാണ്. ക്യാഷ് മാർക്കറ്റിൽ അത്തരത്തിലുള്ള സെറ്റിൽമെന്റ് ദിവസം നടപ്പാക്കിയ ഇടപാടുകളുടെ മൂല്യത്തിന്റെ പരിധി വരെ അദ്ദേഹം ഫണ്ടുകൾ/സെക്യൂരിറ്റികൾ/മാർജിൻ കൈവശം വച്ചേക്കാവുന്നതാണ്.
    D. അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റിലോ അല്ലെങ്കിൽ സെറ്റിൽമെന്റിലോ എന്തെങ്കിലും തർക്കം ഉണ്ടാകുകയാണെങ്കിൽ ഫണ്ട്/സെക്യൂരിറ്റികൾ അല്ലെങ്കിൽ സ്റ്റേറ്റ്മെന്റ്, ഇതിൽ ബാധകമായതെന്തോ അത്, 7 (ഏഴ്) പ്രവൃത്തി ദിവസത്തിനുള്ളിൽ സ്റ്റോക്ക് ബ്രോക്കറുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്. തർക്കമുണ്ടാകുകയാണെങ്കിൽ, ഇക്കാര്യം ബന്ധപ്പെട്ട സ്റ്റോക് എക്സ്ചേഞ്ചിന്റെ ഇൻവെസ്റ്റേഴ്സ് ഗ്രീവൻസ് സെല്ലിൽ കാലവിളംബം വരുത്താതെ രേഖാമൂലം അറിയിക്കണം.

14. റണ്ണിംഗ് അക്കൗണ്ട് നിലനിർത്താൻ നിങ്ങൾ തിരഞ്ഞെടുത്തിട്ടില്ലാത്തതും ഫണ്ട് / സെക്യൂരിറ്റിയിലെ പേ-ഔട്ട് എക്സ്ചേഞ്ചിൽ നിന്നും പേ-ഔട്ട് രസീത് ലഭിച്ച തിന്റെ അടുത്ത പ്രവൃത്തി ദിവസം ലഭിക്കാതിരിക്കുകയും ചെയ്താൽ, ഇക്കാര്യം ഓഹരി

| |
|---|
| ദല്ലാളിനോട് ചോദിക്കേണ്ടതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും തർക്കം ഉണ്ടാകുകയാണെങ്കിൽ, ഇക്കാര്യം ബന്ധപ്പെട്ട സ്റ്റോക് എക്സ്ചേഞ്ചിന്റെ ഇൻവെസ്റ്റേഴ്സ് ഗ്രീവൻസ് സെല്ലിൽ ഉടൻ തന്നെ രേഖാമൂലം പരാതിപ്പെടേണ്ടതാണ്.<br>15. ട്രേഡിംഗ് നടത്തിയ ദിവസം അവസാനം വ്യാപാരം നടന്നതായി ഉറപ്പാക്കുന്ന അലർട്ടുകൾ/ ഇടപാടിന്റെ വിശദാംശങ്ങൾ എന്നിവ സ്റ്റോക് എക്സ്ചേഞ്ചിൽ നിന്നും SMS / ഇമെയിൽ ആയി നിങ്ങൾക്കു ലഭിക്കാൻ നിങ്ങളുടെ മൊബൈൽ നമ്പറും ഇമെയിൽ ഐഡിയും ഓഹരി ദല്ലാളിന്റെ പക്കൽ രജിസ്റ്റർ ചെയ്യുക. |
| **ട്രേഡിംഗ് അംഗത്വം റദ്ദാക്കപ്പെടുകയാണെങ്കിൽ** |
| 16. ഒരു ഓഹരി ദല്ലാൾ അയാളുടെ അംഗത്വം ഒഴിയുകയാണെങ്കിൽ, അംഗത്വത്തിൽ നിന്നും പുറത്താക്കപ്പെടുകയാണെങ്കിൽ, അല്ലെങ്കിൽ ഡിഫോൾട്ടർ ആയി പ്രഖ്യാപിക്കുകയാണെങ്കിൽ, സ്റ്റോക് എക്സ് ചേഞ്ചിന്റെ 'ട്രേഡിംഗ് സിസ്റ്റം മുഖേന നടപ്പാക്കിയ ഇടപാടുകളുമായി' ബന്ധമുള്ള ക്ലെയിമുകൾ മാത്രം ക്ഷണിച്ചു കൊണ്ട് സ്റ്റോക് എക്സ് ചേഞ്ച് പബ്ലിക് നോട്ടീസ് നൽകുന്നതാണ്. ബന്ധപ്പെട്ട എക്സ് ചേഞ്ചുകളിൽ നിശ്ചിത സമയ പരിധിക്കുള്ളിൽ ബന്ധപ്പെട്ട രേഖകൾ സഹിതം ക്ലെയിം സമർപ്പിക്കേണ്ടതാണ്.<br>17. നിങ്ങളുടെ ബ്രോക്കറുടെ പക്കൽ നിങ്ങൾ നിക്ഷേപിച്ച പണത്തിന് ഒപ്പം അല്ലെങ്കിൽ ഓഹരികൾക്ക് സ്വീകാര്യമായ സുരക്ഷയെ കുറിച്ച് നിങ്ങൾ അറിഞ്ഞിരിക്കണം. എന്തെങ്കിലും വീഴ്ച സംഭവിക്കുകയാണെങ്കിൽ അല്ലെങ്കിൽ ഓഹരി ദല്ലാളിന്റെ പാപ്പരത്വം അല്ലെങ്കിൽ ബാങ്കറപ്റ്റ്സി സംഭവിച്ചാൽ അത്തരം പണം/ അല്ലെങ്കിൽ ഓഹരിയുടെ വീണ്ടെടുക്കൽ ട്രേഡിംഗ് നടപ്പാക്കപ്പെട്ട ബന്ധപ്പെട്ട സ്റ്റോക് എക്സ് ചേഞ്ചിന്റെ ബൈലോകളും നിയന്ത്രണങ്ങളും നിക്ഷേപകരുടെ ഫണ്ട് സംരക്ഷണത്തിനുള്ളതും സമയാസമയങ്ങളിൽ പ്രാബല്യത്തിലുള്ളതുമായ SEBIയുടെ സ്കീമുകൾ പ്രകാരവും എങ്ങിനെ വീണ്ടെടുക്കാമെന്ന് നിങ്ങൾ അറിഞ്ഞിരിക്കണം. |
| **തർക്കങ്ങൾ/ പരാതികൾ** |
| 18. നിയമ നടപടികളുടെ വിശദാംശങ്ങൾ, ദല്ലാൾമാർക്കെതിരെയുള്ള പിഴ നടപടികൾ, ദല്ലാൾമാർക്കെതിരെ നിക്ഷേപകർ നൽകിയ പരാതികൾ എന്നിവയുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട സ്റ്റോക് എക്സ്ചേഞ്ചിന്റെ വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.<br>19. നിങ്ങളുടെ വിഷയത്തിൽ/ പ്രശ്നത്തിൽ/ ആവലാതിയിൽ ബന്ധപ്പെട്ട ഓഹരി ദല്ലാൾ/ സബ് ബ്രോക്കർ പരിഹാരം കണ്ടെത്തിയില്ലെങ്കിൽ, ഈ വിഷയം നിങ്ങൾ ബന്ധപ്പെട്ട സ്റ്റോക് എക്സ്ചേഞ്ചിൽ അറിയിക്കേണ്ടതാണ്. നിങ്ങളുടെ പരാതിയിലെ പ്രതികരണത്തിൽ നിങ്ങൾ തൃപ്തരല്ലെങ്കിൽ ഈ വിഷയം നിങ്ങൾക്ക് പരാതിയായി SEBIയെ അറിയിക്കാവുന്നതാണ്.<br>20. എല്ലാ സ്റ്റോക് ബ്രോക്കർമാരും/സബ് ബ്രോക്കർമാരും പരാതികൾ രജിസ്റ്റർ ചെയ്യുന്ന ഉദ്ദേശ്യത്തിനു മാത്രമായുള്ള സങ്കട പരിഹാര വിഭാഗം/കോംപ്ലിയൻസ് ഓഫീസറുടെ ഇമെയിൽ അഡ്രസ് നൽകേണ്ടതാണെന്ന് SEBI നിർദ്ദേശിച്ചിട്ടുണ്ടെന്ന് അറിഞ്ഞിരിക്കുക. |
| |